20
മെയ്
2024
വാല്യം. 31
ലക്കം. 10

# മരുപ്പച്ച

സമകാലിക പത്രിക

maruppacha@yahoo.com
www.marupacha.com
Published from Thiruvalla
on 20-05-2024

MEMBER: NEWS PAPERS ASSOCIATION OF INDIA
വില ₹ 10.00


# യാത്രയുടെ അന്ത്യം കുറ്റപ്പുഴയിൽ

## വിടപറഞ്ഞത് ആത്മീയ യാത്ര റേഡിയോ പ്രഭാഷണങ്ങളിലൂടെ മലയാളികളുടെ ഹൃദയം കീഴടക്കിയ സുവിശേഷകനും മലങ്കര കണ്ട ഏറ്റവും വലിയ മിഷൻ ലീഡറും

**തിരുവല്ല:** തോമാസ്ലീഹായുടെ പാദസ്പർശമേറ്റ നിരണത്തുനിന്നും കെ.പി. യോഹന്നാൻ എന്ന സുവിശേഷകൻ ആരംഭിച്ച ആത്മീയ യാത്ര ലോകരാജ്യങ്ങളെ താണ്ടി വിവാദങ്ങൾ ഏറ്റുവാങ്ങി ഡാളസിലുള്ള ആസ്ഥാനത്ത് അവസാനിപ്പിച്ചു.

കിഴക്കിന്റെ വലിയ മെത്രാപ്പോലീത്തായ്ക്ക് ഇനി അന്ത്യവിശ്രമം കുറ്റപ്പുഴയിലെ ഈസ്റ്റേൺ ചർച്ച് കോമ്പൗണ്ടിൽ.

ഭൗതികശരീരം സഭാ ആസ്ഥാനമായ തിരുവല്ലയിൽ 20 നു തിങ്കളാഴ്ച എത്തിച്ച് കുറ്റപ്പുഴ ബിലീവേഴ്സ് കൺവൻഷൻ സെന്ററിൽ പൊതുദർശനത്തിനു വയ്ക്കും. സംസ്കാരം 21 നു ചൊവ്വാഴ്ച കുറ്റപ്പുഴ ബിലീവേഴ്സ് ചർച്ച് കത്തീഡ്രലിൽ സംസ്കരിക്കും.



സംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നതിനും പുതിയ മെത്രാപ്പോലീത്തയെ അവരോധിക്കുന്നതു വരെ സഭയുടെ ഭരണപരമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഒമ്പതംഗ എപ്പിസ്കോപ്പൽ സംഘത്തെ ചുമതലപ്പെടുത്തി. ചെന്നൈ അതിഭദ്രാസനാധിപൻ സാമുവേൽ മാർ തെയോഫിലോസ് മെത്രാപ്പോലീത്തായായിരിക്കും സംഘത്തെ നയിക്കുക. കെ.പി.യോഹന്നാൻ മെത്രാപ്പോലീത്തയുടെ കബറടക്കത്തിനു ശേഷമേ പുതിയ സഭാധ്യക്ഷനെ തിരഞ്ഞെടുക്കൂ.

നിരണം കടപ്പിലാരിൽ ചാക്കോ പുന്നൂസിന്റെയും ആച്ചിയമ്മയുടെയും ആറുമക്കളിൽ ഇളയവനായി 1950 മാർച്ച് എട്ടിന് കെ.പി. യോഹന്നാൻ ജനിച്ചു.

മാർത്തോമ്മാ സഭയിലെ ദൈവ ഭക്തയായ അമ്മ തന്റെ ഓരോ കുഞ്ഞിനെയും ദൈവത്തിന് സമർപ്പിച്ചിരുന്നു. അതിലൊരാൾ സുവിശേഷ പ്രചാരകനായി തീരുമെന്ന് സ്വപ്നം കണ്ടു. അതിനായി നിരന്തരം പ്രാർത്ഥിച്ചു. അവർ പ്രാർത്ഥനാനിരതയായ കാലത്ത് കുട്ടികൾ വളർന്ന് മറ്റുജോലികൾ തേടി പോയപ്പോൾ ഒടുവിൽ കുഞ്ഞുയോഹന്നാച്ചൻ മാത്രം അവശേഷിച്ചു. നാണം കുണുങ്ങിയും അരക്ഷിതനുമായിരുന്ന യോഹന്നാച്ചൻ സുവിശേഷകൻ ആകാൻ ഒരുസാധ്യതയും ഇല്ലെന്ന് അമ്മ കരുതി.

സ്കൂൾ പഠനം കഴിഞ്ഞ സമയത്താണ് നിരണത്ത് എത്തിയ ഓപ്പറേഷൻ മൊബിലൈസേഷൻ എന്ന സുവിശേഷ ടീമിൽനിന്ന് വടക്കേന്ത്യയെ കുറിച്ച് യോഹന്നാൻ അറിഞ്ഞത്. അതോടെ അമ്മയുടെ ആഗ്രഹം സാധിച്ചുകൊടുക്കാനെന്ന പോലെ, വടക്കേന്ത്യയിൽ സുവിശേഷ പ്രവർത്തന ദൗത്യം ഏറ്റെടുക്കാൻ ഒഎമ്മിൽ ചേർന്നു. ക്രിസ്തുവിനെ കുറിച്ച് കേട്ടിട്ടുപോലുമില്ലാത്ത ഗ്രാമങ്ങളിൽ സുവിശേഷമെത്തിക്കാനായിരുന്നു ആലോചന. യൂറോപ്പിൽ നിന്നുള്ള സുവിശേഷ സംഘത്തിനൊപ്പം ചേരാൻ 16 കാരന് വിളി കിട്ടിയത് ഓഎം സ്ഥാപകൻ ജോർജ് വെർവറിൽ നിന്നായിരുന്നു.

(ശേഷം പേജ് 9)

## ഖത്തറിൽ ഏറ്റവും വലിയ ദൈവാലയത്തിന്റെ നിർമ്മാണം പൂർത്തിയായി

**ഖത്തർ :** ഖത്തറിലെ രണ്ടാമത്തെ കത്തോലിക്ക ദൈവാലയമായ സെന്റ് ചാർബൽ മാരോനൈറ്റ് ദൈവാലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. 2025ലെ കത്തോലിക്ക സഭയുടെ ജൂബിലി വർഷത്തോടനുബന്ധിച്ച് പണികൾ പൂർത്തീകരിച്ച് വിശ്വാസികൾക്കായി ദൈവാലയം തുറന്നു നൽകാൻ കഴിയുമെന്ന് ഖത്തറിലെ മാരോനൈറ്റ് ഇടവകയിൽ നിന്നുള്ള ഫാ. ചാർബെൽ മ്ഹന്ന പറഞ്ഞു.
ഏകദേശം 3000 ആളുകളെ ഉൾക്കൊള്ളാവുന്ന ഈ ദൈവാലയം രാജ്യത്തെ ഏറ്റവും വലിയ ദൈവാലയം ആയിരിക്കുമെന്നും നിർമ്മാണ പ്രവർത്തനങ്ങൾക്കൊടുവിൽ എല്ലാ കത്തോലിക്കർക്കും വേണ്ടി തുറന്നു നൽകാനാണ് നിശ്ചയിച്ചിരിക്കുന്നതെന്നും മ്ഹന്ന വെളിപ്പെടുത്തി. ഇവിടെയുള്ള വിശ്വാസികളുടെ അകമഴിഞ്ഞ സംഭാവനയിൽ നിന്നാണ് ദൈവാലയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്.

## ഭാര്യ കുടുംബത്തിന്റെ വിളക്ക്: റവ. സണ്ണി താഴാം പള്ളം

അടിമാലി: നല്ലൊരു കുടുംബ ജീവിതത്തിന് പ്രാർത്ഥന മാത്രം പോര എന്നും നല്ല പ്രവൃത്തിയും കൂടെ വേണമെന്നും റവ:സണ്ണി താഴാം പള്ളം പറഞ്ഞു. അടിമാലിയിൽ സംഘടിപ്പിച്ച ഫാമിലി സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

നമ്മുടെ വീട് സ്വർഗ്ഗമാക്കുന്നതും നരകമാക്കുന്നതും നമ്മൾ തന്നെയാണ്. പരസ്പരം ബഹുമാനത്തോടും സ്നേഹത്തോടും അങ്ങോട്ടുമിങ്ങോട്ടും പെരുമാറുന്ന വീട്ടിൽ അലോഹ്യം വളരെ കുറവായിരിക്കും.

ഇന്ന് പല കുടുംബങ്ങളിലും സന്തോഷവും സമാധാനവും ഇല്ല. അകാരണമായി നമ്മുടെ ഭവനങ്ങളിൽ കണ്ണുനീർ വീഴാൻ ഇടവരരുത്. മാതാപിതാക്കന്മാരുടെയും, ഗുരുക്കന്മാരുടെയും, ജീവിതപങ്കാളിയുടെയും സഭാ ശുശ്രൂഷകന്മാരുടെയും ഒക്കെ കണ്ണുനീർ വീണാൽ കുടുംബത്തിന് അത് ദോഷമായി ഭവിക്കും.

ഭർത്താക്കന്മാരെ പീഡിപ്പിക്കുന്ന അല്ലെങ്കിൽ ദ്രോഹിക്കുന്ന നിരവധി ഭാര്യമാരുണ്ട് അതെല്ലാം ക്ഷമിച്ചും പോകുന്ന പുരുഷന്മാരുമുണ്ട്. തിരിച്ച് സ്ത്രീകളിലും ഇങ്ങനെയുള്ളവർ ഉണ്ട്. കുടുംബം ശരിയാകണമെങ്കിൽ നാം സ്വയം ശരിയായെങ്കിൽ മാത്രമേ സാധ്യമാവുകയുള്ളൂ അനാവശ്യ വാക്കുകൾ കുടുംബത്തിൽ ശാപമായി ഭവിക്കും. മാത്രമല്ല ഇത് കുഞ്ഞുങ്ങൾ വളരെ പെട്ടെന്ന് മനസ്സിലാക്കുകയും അവരുടെ ആത്മീയ കാഴ്ചപ്പാടിനെ തെറ്റിക്കുകയും ചെയ്യും.

കുഞ്ഞുങ്ങൾക്ക് സ്കൂളിലെ മാർക്ക് കുറഞ്ഞാലും സൺഡേസ്കൂളിലെ മാർക്ക് കുറയാൻ പാടില്ല. വാക്യങ്ങൾ പഠിക്കുകയും ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്യണം. അങ്ങനെയെങ്കിൽ കുഞ്ഞുങ്ങളുടെ ഭാവി ശോഭനമാകും. നിങ്ങൾ മാതാപിതാക്കൾ കുഞ്ഞുങ്ങളെ ഏതെങ്കിലും പ്രത്യേക മേഖലയിലേക്ക് കൊണ്ടുപോകണമെന്ന് നിർബന്ധിക്കരുത്. നിങ്ങൾ ആ

(ശേഷം പേജ് 8)



### മരുപ്പച്ച വാട്ട്സ് ആപ്പിൽ ലഭിക്കും

മരുപ്പച്ച പത്രത്തിന്റെ പിഡിഎഫ് വാട്സാപ്പിൽ ലഭ്യമാണ്. നിങ്ങൾക്ക് ലഭിക്കുന്ന മരുപ്പച്ചയുടെ പിഡിഎഫ് സുഹൃത്തുക്കൾക്ക് അയച്ചു കൊടുത്ത് ഈ ശുശ്രൂഷയിൽ സഹകരിക്കുക. മരുപ്പച്ചയുടെ പിഡിഎഫ് സൗജന്യമായി ലഭിക്കുവാൻ ആവശ്യപ്പെടുക. 9961720195

## അച്ചൻകുഞ്ഞ് ഇലന്തൂരിന് ഗ്ലോബൽ മീഡിയ പുരസ്കാരം

**തിരുവല്ല :** ക്രൈസ്തവ സാഹിത്യരംഗത്തെ മികച്ച പ്രവർത്തനങ്ങൾക്ക് ഐപിസി ഗ്ലോബൽ മീഡിയ അസോസിയേഷൻ ഏർപ്പെടുത്തിയ സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരത്തിന് മരുപ്പച്ച പത്രാധിപർ അച്ചൻകുഞ്ഞ് ഇലന്തൂർ അർഹനായി.

നാലര പതിറ്റാണ്ടിലേറെയായി രചനാ രംഗത്തും പ്രസാധക മേഖലയിലും സജീവമായ അച്ചൻകുഞ്ഞ് ഇലന്തൂർ ഗ്രന്ഥകാരൻ, പത്രാധിപർ , മാധ്യമപ്രവർത്തകൻ , എഴുത്തുകാരൻ, പ്രഭാഷകൻ എന്നീ നിലകളിലും ഏറെ ശ്രദ്ധേയനാണ്. പതിനേഴാം വയസ്സിൽ എഴുതി തുടങ്ങിയ അച്ചൻകുഞ്ഞ് ഇലന്തൂരിന്റെ രചനകളും പത്രാധിപലേഖനങ്ങളും ക്രൈസ്തവ ലോകത്തിന്റെ നവീകരണത്തിനും ആത്മീയ മുന്നേറ്റത്തിനും കാരണമായെന്നും രചനകളെല്ലാം ക്രിസ്തു



കേന്ദ്രീകൃതമാണെന്നും ഐപിസി ഗ്ലോബൽ മീഡിയ അസോസിയേഷൻ വിലയിരുത്തി.

തിരുവല്ലയിൽ നടന്ന അവാർഡ് നിർണയ യോഗത്തിൽ ഐപിസി ഗ്ലോബൽ മീഡിയ അസോസിയേഷൻ വൈസ് ചെയർമാൻ പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ അധ്യക്ഷനായിരുന്നു. ജനറൽ

(ശേഷം പേജ് 9)

## കൊച്ചുപ്പാപ്പൻ

**ലികിഡ് ഫയറിന് ആത്മീയ വിപണിയിൽ വൻ ഡിമാൻഡ്**



"അപകടം"
എന്ന മുന്നറിയിപ്പുകൂടി
നൽകിയാൽ മതി.

## യൂറോപ്യൻ മലയാളി പെന്തക്കോസ്തൽ കമ്മ്യൂണിറ്റി രൂപവൽക്കരിച്ചു
## പ്രഥമ നാഷണൽ കോൺഫ്രൻസ് നവം. 2 ന്

**യുകെ:** യുകെ യൂറോപ്പ് മലയാളി പെന്തക്കോസ്ത് സമൂഹത്തിന്റെ ഐക്യത്തിനായി യൂറോപ്യൻ മലയാളി പെന്തക്കോസ്തൽ കമ്മ്യൂണിറ്റി എന്ന പുതിയ സംഘടന രൂപീകരിച്ചു.

വിശ്വാസികൾക്കിടയിൽ കൂട്ടായ്മയും ആത്മീയ വളർച്ചയും പരിപോഷിപ്പിക്കുക, ആത്മീയ അനുഭവങ്ങളും വിശ്വാസജീവിതത്തിന്റെ നല്ല പാഠങ്ങളും വിഭവസ്രോതസ്സുകളും പരസ്പരം പങ്കുവെയ്ക്കുവാനുള്ള ഒരു പൊതുവേദി സജ്ജീകരിക്കുക, ഭാവി തലമുറയെ ശാക്തീകരിക്കുക എന്നീ ഉദ്ദേശ്യങ്ങളാണ് സംഘടനയ്ക്കുള്ളത്.





സംഘടനയുടെ പ്രഥമ നാഷണൽ കോൺഫ്രൻസ് 2024 നവംബർ 2 നു യുകെയിലെ നോർത്താംപ്ടണിൽ നടക്കും. കോൺഫ്രൻസിന്റെ വിജയത്തിനായി വിപുലമായ ക്രമീകരണങ്ങളാണ് നടന്നുവരുന്നത്.

വിവിധ പെന്തെക്കോസ്തു സഭകളുടെ സീനിയർ പാസ്റ്റർമാർ ഉൾപ്പെടയുള്ള മുൻനിര പ്രവർത്തകർ സംഘടനയ്ക്ക് നേതൃത്വം നൽകും.

നിലവിൽ എക്സിക്യൂട്ടിവ് ബോർഡ്, കോർ ടീം, ഇ.എം.പി.സി (യൂറോപ്യൻ മലയാളി പെന്തക്കോസ്തതൽ കമ്മ്യൂണിറ്റി) ഫാമിലി ഗ്രൂപ്പ് എന്നിവയ്ക്ക് രൂപ രൂപം നൽകിയിട്ടുണ്ട്.

ഇതിന്റെ പുതിയ ഐക്യസംഘടനാ രൂപീകരണവുമായി ബന്ധപ്പെട്ട് ആദ്യ പ്രമോഷണൽ മീറ്റിംഗ് ജൂൺ 22ന് ശനിയാഴ്ച (10.30 am - 1pm) ഡെർബി പെന്തെക്കോസ്തൽ ചർച്ചിൽ നടക്കും.

ചെയർമാൻ
**ജോൺ വർഗീസ്**

ചീഫ് എഡിറ്റർ
**അച്ചൻകുഞ്ഞ് ഇലന്തൂർ**

ഓവർസീസ് എഡിറ്റർ
**ഷാജി കാരയ്ക്കൽ**

എക്സിക്യൂട്ടീവ് എഡിറ്റർ
**ദീപ്തി അന്ന അച്ചൻകുഞ്ഞ്**

യു.എസ്. എക്സിക്യൂട്ടീവ് എഡിറ്റർ
**റവ. ചാക്കോ ജോർജ്ജ്**

അസോസിയേറ്റ് എഡിറ്റേഴ്സ്
**ഷിബു മുള്ളംകാട്ടിൽ**
**വർഗീസ് മാത്യു**
**ചാർലീസ് മാത്യു**
**മാത്യൂസ് പി. ജോൺ**
**ജോസ് ഐക്കരപ്പടി**
**റെഞ്ചി ജേക്കബ് ജോർജ്**
**ബെന്നി കൊച്ചുവടക്കേൽ**

സബ് എഡിറ്റേഴ്സ്
**ജെസ്സി വർഗീസ്**
**ജെയ് തോമസ് മാലിയിൽ**
**പൊന്നമ്മ സാം**

സ്പെഷ്യൽ റിപ്പോർട്ടേഴ്സ്
**റ്റീയെസ് കപ്പമാംമൂട്ടിൽ**
**റെജി വർഗീസ് വെണ്ണിക്കുളം**
**ജസ്റ്റസ് ചന്ദ്രബോസ്**
**സാം മാത്യു ന്യൂയോർക്ക്**

ജനറൽ കോ-ഓർഡിനേറ്റേഴ്സ്
**ജിജി ബറോഡ**
**ജോൺ മത്തായി അതിരുങ്കൽ**
**ജെയിംസ് മേമന**

കോ-ഓർഡിനേറ്റേഴ്സ്
**മജ്ഞു പീടിയേക്കൽ**
**ബെന്നി പാപ്പച്ചൻ ഒക്കലഹോമ**
**രാജൻ ഏബ്രഹാം**
**മോൻസി വള്ളഞ്ഞവട്ടം ഡാളസ്സ്**
**ജോയി സാം ജേക്കബ് കാനഡ**

മരുപ്പച്ച

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : 200 രൂപ
യു.എസ്.എ. & കാനഡ : $ 50
ഇംഗ്ലണ്ട് : 20 പൗണ്ട്
ഗൾഫ് രാജ്യങ്ങൾ : 2000 രൂപ
**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**

**മരുപ്പച്ച**
പ്ലാന്തോട്ടം കോംപ്ലക്സ്
തിരുവല്ല-1, കേരള - 689 101
ഫോൺ : 0469-2634321
maruppacha@yahoo.com
www.marupacha.com





# ഹർമ്മഗദ്ദോൻ യുദ്ധം



കോശി വൈദ്യൻ

മഹോപദ്രവത്തിന്റെ ഏറ്റവും ഒടുവിലായി നടക്കുന്ന ഹർമ്മ ഗെദോൻ യുദ്ധത്തെ കുറിച്ച് അനേക പ്രവചനങ്ങൾ തിരുവെ ഴുത്തിലുണ്ട്. ദാനിയേൽ പ്രവചനം 11ാം അധ്യായത്തെക്കുറിച്ച് പഠിച്ചപ്പോൾ അവയിൽ ചിലതിനെകുറിച്ച് നേരത്തെ സൂചിപ്പിച്ചിരുന്നുവല്ലോ.

'എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന നഗരത്തിന് ഞാൻ അനർത്ഥം വരുത്തുവാൻ തുടങ്ങുന്നു; പിന്നെ നിങ്ങൾ കേവലം ശിക്ഷകൂടാതെ പോകുമോ? ശിക്ഷകൂടാതെ പോകയില്ല; ഞാൻ സകല ഭൂവാസികളുടെയും മേൽ വാളിനെ വിളിച്ചു വരുത്തും എന്ന് സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാട്' (യിര. 25:29).

ലോക ചരിത്രത്തിൽ എത്ര യുദ്ധങ്ങൾ നടന്നു കഴിഞ്ഞു. ഇന്ന് എത്രയോ യുദ്ധങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നു. എവിടെയും എപ്പോഴും യുദ്ധങ്ങളും യുദ്ധശ്രുതികളും. തിരുവചനം വ്യക്തമാക്കുന്ന ഒരു വസ്തുത, ആധുനീക സംസ്കാരത്തിന്റെ അന്ത്യം കുറിക്കുന്നനാശം 'ഹർമ്മഗെദോൻ' എന്നറിയപ്പെടുന്ന ഒരു യുദ്ധത്തിലൂടെ ആയിരിക്കും എന്നാണ്. ഇത് കേവലം ഒരു യുദ്ധമായിരിക്കില്ല, വ്യത്യസ്തമായ പല ഭാഗങ്ങളിൽ നിന്നും കൂട്ടായി നടക്കാൻ പോകുന്ന ഒരു ലോകമഹായുദ്ധമായിരിക്കും. അതിനുള്ള ഒരുക്കങ്ങൾ തകൃതിയായി അണിയറയിൽ നടന്നുകൊണ്ടിരിക്കുകയാണ്.

വെളി. 12:3 ൽ നാം വായിക്കുന്നത്, മഹോപദ്രവകാലത്തിന്റെ മദ്ധ്യത്തിൽ സാത്താനെ ഭൂമിയിലേക്ക് തള്ളിയിട്ടപ്പോൾ, 'ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെ നശിപ്പിക്കുവാനായി അടുത്തു വന്നതായിട്ടാണ്. ആ ആൺകുട്ടി ക്രിസ്തുവും, സ്ത്രീ യിസ്രായേലും ആണ്. സാത്താന്റെയും എതിർക്രിസ്തുവിന്റെയും ലക്ഷ്യം യെഹൂദ ജാതിയെ പൂർണ്ണമായി നശിപ്പി ക്കുക എന്നതാണ്. പുനഃസ്ഥാപിക്കപ്പെട്ട റോമൻ സാമ്രാജ്യത്തിന്റെ തലവനായ എതിർക്രിസ്തുവും, 'മർമ്മം മഹതിയാം ബാബിലോൺ' എന്ന മതത്തിന്റെ തലവനായ കള്ള പ്രവാചകനും, സാത്താനോട് ചേർന്ന് യെഹൂദന്റെ നാശത്തിനായി ഒന്നിച്ചു വരും. ഈ മഹാ ഹോളോകോസ്റ്റ് നടക്കുന്നതിന് ഇനി അധികം താമസമില്ല.

സാത്താൻ എതിർക്രിസ്തുവിനും, കള്ളപ്രവാചകനും അത്ഭുതങ്ങൾ പ്രവർത്തിക്കുവാനുള്ള അധികാരവും ശക്തിയും അശുദ്ധാത്മാക്കളിൽ കൂടി പകർന്നു കൊടുക്കുന്നു. 'മഹാസർപ്പത്തിന്റെ വായിൽ നിന്നും തവളയെപോലെ മൂന്ന് അശുദ്ധാത്മാക്കൾ പുറപ്പെടുന്നത് ഞാൻ കണ്ടു. ഇവ സർവ്വ ഭൂതലത്തിലുമുള്ള രാജാക്കന്മാരെ സർവ്വ ശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധത്തിന് കൂട്ടിചേർപ്പാൻ അത്ഭുതങ്ങൾ ചെയ്തുകൊണ്ട് അവരുടെ അടുക്കലേക്ക് പുറപ്പെടുന്ന ഭൂതാത്മാക്കൾ തന്നെ' (വെളി. 16:13,14). 'അവ അവരെ എബ്രായ ഭാഷയിൽ ഹർമ്മഗെദ്ദോൻ എന്ന് പേരുള്ള സ്ഥലത്ത് കൂട്ടി ചേർത്തു' (വെളി. 16:16).

ഒന്നിച്ചു കൂടി വരുന്ന ഈ സൈന്യങ്ങൾ ഏതെല്ലാം രാജ്യങ്ങളിൽ നിന്നുള്ളവരാണെന്ന് ഇവിടെ വ്യക്തമായി കാണുന്നില്ല. 'കുതിരപ്പുറത്ത് ഇരിക്കുന്നവനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്യുവാൻ ഭൂരാജാക്കന്മാരും അവരുടെ സൈന്യങ്ങളും ഒന്നിച്ച് വന്നു കൂടിയത് ഞാൻ കണ്ടു' എന്ന് വെളിപ്പാടുകാരനായ യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു (??. 19:19).

**ഹർമ്മഗെദോൻ യുദ്ധത്തിൽ പങ്കെടുക്കുന്നവർ**

1. കിഴക്കു നിന്നും (യൂഫ്രട്ടീസ് നദിയുടെ കഴിക്കുനിന്നും) വരുന്ന, 200 ദശലക്ഷം സൈന്യമായിരിക്കും ഹർമ്മഗെദ്ദോൻ യുദ്ധത്തിൽ പങ്കെടുക്കുന്നവർ. ലോകത്തിലെ ഏറ്റവും ജന സംഖ്യയുള്ള (1.3 ബില്ല്യൻ) ചൈനയ്ക്ക് 200 ദശലക്ഷം സൈനികരെ അണിനിരത്തുന്നതിന് യാതൊരു പ്രയാസവും ഉണ്ടായിരിക്കില്ല. കൂടാതെ ജപ്പാൻ, ഇന്ത്യ, പാകിസ്ഥാൻ, ശ്രീലങ്ക, മ്യാൻമാർ തുടങ്ങിയുള്ള രാജ്യങ്ങളെല്ലാം ആ സംഖ്യയിൽ ഉൾപ്പെട്ടേക്കാം. അവരുടെ യാത്രയ്ക്ക് തടസമുണ്ടാകാതെയിരിക്കാൻ യൂഫ്രട്ടീസ് നദി വറ്റിപോകുന്നതായി കാണുന്നു (വെളി. 16:16). ഈ യുദ്ധത്തിൽ സൈന്യത്തിന് കരമാർഗ്ഗമുള്ള യാത്രയ്ക്കു വേണ്ടിയാണ് ഇന്ന് രാജ്യങ്ങൾ ഹൈവേകൾ പണിതുകൊണ്ടിരിക്കുന്നത്. ചൈന നേരിട്ട് മെഗിത്തോ താഴ്വരയിലേക്കുള്ള ഹൈവേയുടെ പണി നടത്തികൊണ്ടിരിക്കുകയാണ്. കിഴക്കുനിന്നുള്ള 200 ദശലക്ഷം പടയാളികളുടെ വരവിനെ കുറിച്ചുള്ള വിവരണം വെളി. 9:16-19 വാക്യങ്ങളിൽ വിവരിച്ചിട്ടുണ്ട്. വിപുലമായ നാശത്തിനുവേണ്ടി സജ്ജമാക്കപ്പെട്ട ആയുധങ്ങളോടു കൂടിയ ആധുനീക യന്ത്രവൽകൃത സൈന്യത്തെ കുറിച്ചുള്ള ഒരു പ്രവചന ചിത്രമാണ് അവിടെ കാണുന്നത്. ഇത്രയും വിപുലമായ കിഴക്കൻ സഖ്യ സൈന്യം ഒന്നിച്ചുകൂടുമ്പോൾ മനുഷ്യ വർഗത്തിൽ മൂന്നിൽ ഒന്ന് തുടച്ചു നീക്ക പ്പെടും (വെളി. 9:15).

2. എതിർക്രിസ്തുവിന്റെ നേതൃത്വത്തിൽ പുനഃസ്ഥാപിക്ക പ്പെട്ട പഴയ റോമൻ സാമ്രാജ്യത്തിന്റെ ഭാഗമായ പത്ത് രാജ്യങ്ങൾ ഉൾപ്പെടുന്ന യൂറോപ്യൻ സൈന്യം. കിഴക്കു നിന്ന് വരുന്ന മഹാസൈന്യം, പടിഞ്ഞാറൻ സഖ്യസൈന്യത്തിന് ഓയിൽ വിതരണം നിരോധിക്കും. അപ്പോൾ അവർ പരസ്പരം ഏറ്റുമുട്ടും.

3. യിസ്രായേലിന് വടക്കുള്ള, സിറിയ, തുർക്കി, റഷ്യയുടെ വിശാല പ്രദേശങ്ങൾ എന്നിവ ഉൾപ്പെടുന്ന വടക്കൻ ദേശങ്ങ ളിലെ സൈന്യം. റഷ്യയുടെ ആയുധ ശേഖരം അവരെ ഒരു അപ്രതിരോധ്യ ശക്തിയായി മാറ്റിയിരിക്കുകയാണ്.

**ലോക ചരിത്രത്തിൽ എത്ര യുദ്ധങ്ങൾ നടന്നു കഴിഞ്ഞു. ഇന്ന് എത്രയോ യുദ്ധങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നു. എവിടെയും എപ്പോഴും യുദ്ധങ്ങളും യുദ്ധശ്രുതികളും. തിരുവചനം വ്യക്തമാക്കുന്ന ഒരു വസ്തുത, ആധുനീക സംസ്കാരത്തിന്റെ അന്ത്യം കുറിക്കുന്നനാശം 'ഹർമ്മഗെദോൻ' എന്നറിയപ്പെടുന്ന ഒരു യുദ്ധത്തിലൂടെ ആയിരിക്കും എന്നാണ്. ഇത് കേവലം ഒരു യുദ്ധമായിരിക്കില്ല, വ്യത്യസ്തമായ പല ഭാഗങ്ങളിൽ നിന്നും കൂട്ടായി നടക്കാൻ പോകുന്ന ഒരു ലോകമഹായുദ്ധമായിരിക്കും. അതിനുള്ള ഒരുക്കങ്ങൾ തകൃതിയായി അണിയറയിൽ നടന്നുകൊണ്ടിരിക്കുകയാണ്.**

4. ഈജിപ്തും ലിബിയായും എത്യോപ്യയും ഇതര ഇസ്ലാ മിക രാജ്യങ്ങളുടെ സൈന്യങ്ങളും ഉൾപ്പെടുന്ന തെക്കൻ ശക്തികൾ.

ഹർമ്മഗെദ്ദോൻ യുദ്ധത്തിൽ പങ്കെടുക്കുന്ന രാജ്യങ്ങളും രാജാക്കന്മാരും ആരെല്ലാമായിരിക്കും എന്ന ചോദ്യത്തിന് വലിയ പ്രസക്തിയില്ല, കാരണം തിരുവെഴുത്ത് വളരെ വ്യക്തമാക്കുന്ന വസ്തുത: 'സർവ്വ ഭൂതലത്തിലുള്ള രാജാക്കന്മാർ' എല്ലാം ഈ അന്തിമ യുദ്ധത്തിനായി മദ്ധ്യപൂർവ്വദേശത്ത് ഒന്നി ച്ചുകൂടും എന്നാണ് (വെളി. 16:1316).

ഈ മുൻപറഞ്ഞ നാലു കൂട്ടരും യെരുശലേമിനെയും യിസ്രായേലിനെയും വളഞ്ഞിരിക്കുമ്പോൾ, അവരിൽ നിന്നെല്ലാം വ്യത്യസ്തമായി അവരുടെ നടുവിൽ യിസ്രായേൽ എന്ന ചെറു രാജ്യം. ഹർമ്മഗെദ്ദോൻ യുദ്ധത്തിൽ ഏറ്റവും ശ്രദ്ധേയമായ വസ്തുത, യിസ്രായേൽ വളരെ നിഷ്ക്രിയരായിട്ടാണ് (Passive) അവിടെ നിലകൊള്ളുന്നത്. ഈ രാജ്യം മറ്റെല്ലാവരോടും പൊരുതി നിന്നവരാണ്. എന്നാൽ ഈ അന്തിമ യുദ്ധത്തിൽ അവർ നിഷ്ക്രിയരായി നിൽക്കുകയാണ്. ഇന്നത്തെ യിസ്രായേലിന്റെ ചരിത്രം അറിയാവുന്നവർക്ക് അത് വളരെ അവിശ്വസനീയമായിരിക്കും. എന്തുകൊണ്ടാണ് യിസ്രാ യേൽ അവരുടെ ചുറ്റും ഉണ്ടായിരുന്ന പ്രതിരോധം വേണ്ടെന്ന് വച്ചത്?

'യെരുശലേം': സമാധാന പട്ടണം. ലോകത്തിലെ ഏറ്റവും വലിയ വിരോധാഭാസം. ഇതുവരെയും ഒരു സ്വസ്ഥതയും സമാധാനവും ലഭിക്കാത്ത പട്ടണം. ആധുനീക യിസ്രായേൽ രാജ്യത്തിന്റെ ആരംഭം, 1948 മെയ് 14 ന് അർദ്ധരാത്രിയിലായിരുന്നു, യിസ്രായേലിന്റെ സ്ഥാപനത്തിൽ, യിസ്രായേലിന് ചുറ്റുമുള്ള ഏഴ് ഇസ്ലാമിക രാജ്യങ്ങൾ പരസ്യമായി എതിർത്ത് നിന്നവരായിരുന്നു. പ്രാരംഭ ദിനം മുതൽ യിസ്രായേൽ യുദ്ധത്തിന്റെയും യുദ്ധ ഭീഷണികളുടെയും നടുവിലായിരുന്നു. എന്നാൽ ദൈവത്തിന്റെ അന്ത്യകാല പരിപാടിയിൽ അൽപസമയത്തേക്ക്, മദ്ധ്യപൂർവ്വ ദേശത്ത് സമാധാനം ഉണ്ടാകും. യെഹസ്കിയേൽ പ്രവാചകൻ യിസ്രായേലിന്റെ ഇന്നത്തെ അവസ്ഥയിൽ നിന്നും വ്യത്യസ്തമായ ഒരവസ്ഥയെ കുറിച്ച് പ്രവചിച്ചിട്ടുണ്ട്. 'വാളിന് ഒഴിഞ്ഞു പോന്നതും, പല ജാതികളിൽ നിന്നും ശേഖ രിക്കപ്പെട്ടതുമായ ഒരു രാജ്യമായും, നിർഭയമായി വസിക്കുന്നതായ ഒരു ജനതയായും' അവരെ കുറിച്ച് പറയുന്നു (യെഹ. 38:8). വളരെ സമാധാന പൂർണ്ണമായ ഒരു സമയമായി ആ കാലഘട്ടത്തെ പ്രവാചകൻ വരച്ചു കാട്ടുന്നു: 'മതിലില്ലാത്ത ഗ്രാമങ്ങളുള്ള ദേശത്ത്, നിർഭയമായി, കന്നുകാലികളെയും ധനത്തേയും സംമ്പാദിച്ച്, ഭൂമിയുടെ മദ്ധ്യേ സ്വൈരമായി വസിക്കുന്ന ഒരു ജനം' (38:11). ഇങ്ങനെ നിർഭയമായി യിസ്രായേൽ വസിക്കുമ്പോൾ, ആ സമാധാന കാലത്തെ പെട്ടെന്ന് തകർത്ത് എറിയത്തക്കവണ്ണം രാജ്യങ്ങൾ ഒന്നിച്ചുകൂടി അവൾക്കെതിരെ വരുമെന്ന് പ്രവാചകൻ ഇവിടെ പ്രവചിച്ചിരിക്കുന്നു. പ്രവാചകൻ ഇവിടെ വിശദീകരിക്കുന്ന വിധത്തിലുള്ള സംഭവങ്ങൾ ഇതുവരെ യിസ്രായേലിന്റെ ചരിത്രത്തിൽ നടന്നിട്ടില്ല. അവരെ സംബന്ധിച്ച് ഇത് എന്നാണ് നിറവേറുന്നത്?

യെഹസ്കിയേൽ അത് മനസിലാക്കുന്നതിനുള്ള ചില സൂചനകൾ നൽകുന്നുണ്ട്. എതിർക്രിസ്തു ഭരണം തുടങ്ങുന്നത് യിസ്രായേലിനോട് സമാധാന ഉടമ്പടി ചെയ്തുകൊണ്ടായിരിക്കുമല്ലോ. അപ്പോൾ യിസ്രായേലിന്റെ സംരക്ഷണം അവൻ വാഗ്ദത്തം ചെയ്യും. എല്ലാം ശ്രേഷ്ഠമായിരിക്കുമെന്നുള്ള ഉറപ്പ് അവർക്കു നിൽകും. എതിർക്രിസ്തുവും കൂട്ടരും യിസ്രായേലിനെ സംരക്ഷിക്കും എന്നു കരുതിയിരിക്കു





# അവസാനത്തെ യുദ്ധത്തിന് ഇനി എത്രനാൾ?

'യെരുശലേം': സമാധാന പട്ടണം. ലോകത്തിലെ ഏറ്റവും വലിയ വിരോധാഭാസം. ഇതുവരെയും ഒരു സ്വസ്ഥതയും സമാധാനവും ലഭിക്കാത്ത പട്ടണം. ആധുനീക യിസ്രായേൽ രാജ്യത്തിന്റെ ആരംഭം, 1948 മെയ് 14 ന് അർദ്ധരാത്രിയിലായിരുന്നു, യിസ്രായേലിന്റെ സ്ഥാപനത്തിൽ, യിസ്രായേലിന് ചുറ്റുമുള്ള ഏഴ് ഇസ്ലാമിക രാജ്യങ്ങൾ പരസ്യമായി എതിർത്ത് നിന്നവരായിരുന്നു. പ്രാരംഭ ദിനം മുതൽ യിസ്രായേൽ യുദ്ധത്തിന്റെയും യുദ്ധ ഭീഷണികളുടെയും നടുവിലായിരുന്നു. എന്നാൽ ദൈവത്തിന്റെ അന്ത്യകാല പരിപാടിയിൽ അൽപസമയത്തേക്ക്, മദ്ധ്യപൂർവ്വ ദേശത്ത് സമാധാനം ഉണ്ടാകും.

മ്പോൾ, പെട്ടെന്ന് വടക്കേ ദേശത്തിലെ രാജാവും കൂട്ടരും (റഷ്യയും സഖ്യകക്ഷികളും) തെക്കേ ദേശത്തിലെ രാജാവും കൂട്ടരും (ഈജിപ്തും, ഇസ്ലാമിക ശക്തികളും) എതിർക്രിസ്തുവിനും സഖ്യ ഗവൺമെന്റിനും എതിരായി കടന്നു വരും (ദാനിയേൽ പ്രവചനം 11ാം അധ്യായം). ഈ രാജ്യങ്ങൾ യിസ്രായേലിനെ തകർക്കാൻ തെക്കു നിന്നും വടക്കു നിന്നും ഒരുപോലെ വരുമ്പോൾ ദൈവം പ്രകൃത്യാതീതമായി ഇടപെടും (യെഹ. 38: 2023). ആ ദൈവീക ഇടപെടലിനുശേഷം എതിർക്രിസ്തു തന്റെ സൈന്യവുമായി യിസ്രായേലിൽ പ്രവേശിക്കും. അവൻ മനോഹര ദേശം കൈവശമാക്കും (ദാനി. 1:41). അതിനെ തുടർന്ന് മദ്ധ്യപൂർവ്വദേശത്തിന്റെ സ്വത്ത് മുഴുവൻ കൈവശ മാക്കാൻ ശ്രമിക്കും. എന്നാൽ വടക്കു നിന്നും കിഴക്കു നിന്നുമുള്ള വാർത്ത അവനെ ഞെട്ടിക്കും കിഴക്കു നിന്നുള്ള വാർത്ത യൂഫ്രട്ടീസ് നദി കടന്നുവരുന്ന 200 ദശലക്ഷം പട്ടാളക്കാരുടെ വരവ് എന്നതായിരിക്കും. അതോടുകൂടി ഹർമ്മഗെദ്ദോൻ യുദ്ധത്തിന്റെ അന്തിമ ഘട്ടത്തിനുള്ള സ്റ്റേജ് തയ്യാറായി കഴിയും'. ദൈവീക ന്യായവിധിയിൽ നിന്നും അൽപ സമയത്തേക്ക് തെറ്റി ഒഴിഞ്ഞ വടക്കേ ദേശ ശക്തികളും, തെക്കേദേശ ശക്തി കളും ഇപ്പോഴും യിസ്രായേലിന് ചുറ്റുമുണ്ട്. എതിർക്രി സ്തുവും യുറോപ്യൻ രാജ്യങ്ങളുടെ പടജനവും അവിടെയു ണ്ട്. കിഴക്കു നിന്നുള്ള മഹാസൈന്യം വിശുദ്ധ നഗരത്തെ മൂടാൻ തയ്യാറായി, യൂഫ്രട്ടീസ് നദി കടന്നു വരുന്നു.

യിസ്രായേലിന് രക്ഷ പ്രാപിക്കാൻ ഇനി ഒരു മാർഗവുമി ല്ലായെന്ന് ഉറപ്പിക്കപ്പെട്ടു കഴിഞ്ഞു! അവർ നിഷ്ക്രിയരായി നിൽക്കുകയാണ്. എതിർത്തു നിൽക്കാൻ യാതൊരു കഴിവും അവർക്കില്ല! സൈന്യങ്ങൾ ഹർമ്മഗെദ്ദോൻ താഴ്വരയിൽ ഒന്നിച്ചുകൂടി കഴിയുമ്പോൾ, ദൈവീക ന്യായവിധിയുടെ ക്രോധ കലശങ്ങളിൽ ഒടുവിലത്തെ ക്രോധകലശം ഏഴാമത്തെ ദൂതൻ ഒഴിക്കും: അപ്പോഴത്തെ സംഭവ വികാസങ്ങളെ കുറിച്ച് യോഹന്നാൻ വിവരിക്കുന്നത്: 'ഏഴാമത്തവൻ തന്റെ കലശം ആകാശത്തിൽ ഒഴിച്ചു; അപ്പോൾ സംഭവിച്ചു തീർന്നു എന്ന്ഒരു മഹാശബ്ദം ദൈവാലയത്തിലെ സിംഹാസനത്തിൽ നിന്നു വന്നു. മിന്നലും നാദവും ഇടിമുഴക്കവും വലിയ ഭൂക മ്പവും ഉണ്ടായി; ഭൂമിയിൽ മനുഷ്യർ ഉണ്ടായതു മുതൽ അതുപോലെ അത്ര വലിയ ഒരു ഭൂകമ്പം ഉണ്ടായിട്ടില്ല. മഹാ നഗരം മൂന്ന് അംശമായി പിരിഞ്ഞു; ജാതികളുടെ പട്ടണങ്ങളും വീണു പോയി; ദൈവകോപത്തിന്റെ ക്രോധമദ്യമുള്ള പാത്രം മഹാ ബാബിലോണിന് കൊടുക്കേണ്ടതിന് അവളെ ദൈവസന്നിധി യിൽ ഓർത്തു. സകല ദ്വീപും ഓടിപോയി; മലകൾ കാൺമാ നില്ലാതായി. താലന്തോളം ഘനമുള്ള കല്ലായി, വലിയ കൽമഴ ആകാശത്തു നിന്ന് മനുഷ്യരുടെ മേൽ പെയ്തു. കൽമഴയുടെ ബാധ ഏറ്റവും വലുതാകകൊണ്ട് മനുഷ്യർ ആ ബാധ നിമിത്തം ദൈവത്തെ ദുഷിച്ചു' (വെളി. 16:1721).

ഹർമ്മഗെദ്ദോനിൽ സൈന്യങ്ങൾ ഒന്നിച്ചുകൂടി യുദ്ധം ചെയ്തു കൊണ്ടിരിക്കുമ്പോൾ, പൊടുന്നനവേ, ആകാശത്തിൽ അതി ഭയാനകമായ ഒരടയാളം കണ്ട് അവർ ഭയ പരവശരാ കും. ആ സംഭ്രാന്തിയിലും കൊടും ഭീതിയിലും ഓരോരുത്തൻ താന്താന്റെ അടുത്ത് നിൽക്കുന്നവനെ ആക്രമിക്കും. 'അന്നാ ളിൽ യഹോവയാൽ ഒരു മഹാപരിഭ്രമം അവരുടെ ഇടയിൽ ഉണ്ടാകും; അവർ ഓരോരുത്തൻ താന്തന്റെ കൂട്ടുകാരന്റെ കൈ പിടിക്കും; ഒരുവന്റെ കൈ മറ്റവന്റെ നേരെ പൊങ്ങും' (സെഖ. 2. 14:13).

പിന്നെ എന്താണ് സംഭവിക്കുവാൻ പോകുന്നതതെന്ന് യോഹന്നാൻ വെളി. 19:11–16 വരെ വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നു: 'അനന്തരം സ്വർഗം തുറന്നിരിക്കുന്നത് ഞാൻ കണ്ടു; ഒരു വെള്ളകുതിര പ്രത്യക്ഷമായി, അതിന്മേൽ ഇരിക്കുന്നവന് വിശ്വസ്തനും സത്യവാനുമെന്ന് പേർ. അവൻ നീതിയോടെ വിധിക്കുകയും പോരാടുകയും ചെയ്യുന്നു. അവന്റെ കണ്ണ് അഗ്നിജ്വാല, തലയിൽ അനേകം രാജ മുടികൾ, എഴുതിയിട്ടുള്ള ഒരു നാമവും അവനുണ്ട്, അത് അവനല്ലാതെ ആർക്കും അറിഞ്ഞുകൂടാ. അവൻ രക്തം തളിച്ച ഉടുപ്പ് ധരിച്ചിരിക്കുന്നു; അവന് ദൈവവചനം എന്ന് പേർ പറയുന്നു. സ്വർഗത്തിലെ സൈന്യം നിർമ്മലവും ശുഭവുമായ വസ്ത്രം ധരിച്ച് വെള്ളക്കുതിര പുറത്ത് കയറി അവനെ അനുഗമിച്ചു. ജാതി കളെ വെട്ടുവാൻ അവന്റെ വായിൽ നിന്ന് മൂർച്ചയുള്ള വാൾ പുറപ്പെടുന്നു; അവൻ ഇരുമ്പുകോൽ കൊണ്ട് അവരെ മേയിക്കും; സർവ്വ ശക്തിയുള്ള ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്ക് അവൻ മെതിക്കുന്നു. രാജാധിരാജാവും, കർത്താധി കർത്താവും എന്ന നാമം അവന്റെ ഉടുപ്പിന്മേലും തുടമേലും എഴുതിയിരിക്കുന്നു' (വെളി. 19:11–16). അങ്ങനെ യിസ്രായേലിന് രക്ഷ പ്രാപിക്കാൻ ഇനി ഒരു മാർഗവുമില്ലായെന്ന് ഉറപ്പിക്കപ്പെട്ടു കഴിഞ്ഞ്, ശത്രുക്കളുടെ നടുവിൽ നിഷ്ക്രിയരായി അവർ നോക്കി നിൽക്കുമ്പോഴാണ്, യിസ്രായേലിന്റെ വീണ്ടെടുപ്പുകാരനായവൻ, വിടുവിയ്ക്കുവാനായി സ്വർഗസിയോനിൽ നിന്നും ഇറങ്ങി വരുന്നത്'. 'അന്നാൾ അവന്റെ കാൽ യെരുശലേമിനെതിരെ കിഴക്കുള്ള ഒലിവു മലയിൽ നിൽക്കും' (സെഖ. 14:4). അന്ന് അവൻ യുദ്ധദിവത്തിൽ പൊരുതുന്നതുപോലെ യിസ്രായേലിനോട് പൊരുതുവാൻ അടുത്തുവന്നിരിക്കുന്ന സകല ജാതികളോടും പൊരുതും (സെഖ. 14:3). 'യെരുശലേമിനോട് യുദ്ധം ചെയ്ത സകല ജാതികളെയും യഹോവ ശിക്ഷിപ്പാനുള്ള ശിക്ഷയാവിത്: അവർ നിവർന്നു നിൽക്കുമ്പോൾ തന്നേ അവരുടെ മാംസം ചീഞ്ഞഴുകിപോകും; അവരുടെ കണ്ണ് തടത്തിൽ തന്നെ ചീഞ്ഞഴുകി പോകും; അവരുടെ നാവ്, വായിൽ തന്നേ ചീഞ്ഞഴുകി പോകും' (സെഖ. 14:12).

തിരുവെഴുത്തിൻ പ്രകാരം ഹർമ്മഗെദ്ദോൻ യുദ്ധം, സർവ്വ ശക്തനായ ദൈവത്തിന്റെ മഹാദിവസത്തിലെ യുദ്ധമാണ് (വെളി. 16:14). ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കപ്പെടുന്നതിന് എതി രായിട്ടുള്ള സാത്താന്റെ തന്ത്രങ്ങളിൽ ഏറ്റവും ഒടുവിലത്തെ പരിശ്രമമാണ് ഈ യുദ്ധം. ലോകരാജ്യങ്ങളുടെ സൈന്യങ്ങളെ സാത്താൻ ഇവിടെ ഒന്നിച്ചു കൂട്ടുന്നത്, ലോകരാജത്വം ഏറ്റെടുക്കാൻ സ്വർഗത്തിൽ നിന്നും ഇറങ്ങിവരാൻ പോകുന്ന യഥാർത്ഥ രാജാവായ മശിഹായെ (ക്രിസ്തുവിനെ) എതിർക്കുവാനാണ്. ലോകരാജ്യങ്ങൾ സാത്താനോട് ചേർന്നു നിന്ന് ക്രിസ്തുവിനെ എതിർക്കുക തന്നെ ചെയ്യും. എന്നാൽ സ്വർഗീയ സൈന്യത്തോട് എതിർത്തു നിൽക്കാനുള്ള കരുത്ത് ലോകരാജ്യങ്ങളുടെ സൈന്യങ്ങൾക്കില്ലല്ലോ.

'മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാ ശക്തിയോടും, തേജസ്സോടുംകൂടെ സകല വിശുദ്ധന്മാരുമായി വരും' (മത്താ. 24:30). അപ്പോൾ ഹർമ്മഗെദ്ദോൻ യുദ്ധത്തിൽ ഏർപ്പെട്ട എല്ലാ രാജാക്കന്മാരെയും സൈന്യങ്ങളെയും തന്റെ വായിലെ ശ്വാസത്താൽ നശിപ്പിച്ചു കളയും. എതിർക്രിസ്തുവിനെയും കള്ള പ്രവാചകനെയും പിടിച്ചുകെട്ടി ഗന്ധകം കത്തുന്ന തീ പൊയ്കയിലേക്ക് തള്ളിക്കളയും. അതിന്റെ ശേഷം പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ച് ആയിരം ആണ്ടേക്ക് ചങ്ങലയിട്ട്, ആയിരം ആണ്ടു കഴിവോളം ജാതികളെ വഞ്ചിക്കാതിരിക്കാൻ അവനെ അഗാധത്തിൽ തള്ളിയിട്ട് അടച്ചു പൂട്ടുകയും മീതേ മുദ്ര വയ്ക്കുകയും ചെയ്യും' (വെളി. 19:19 21; 20:2,3).

**മഹാദൈവത്തിന്റെ അത്താഴം**

'ഒരു ദൂതൻ സൂര്യനിൽ നിൽക്കുന്നത് ഞാൻ കണ്ടു. അവൻ ആകാശമദ്ധ്യേ പറക്കുന്ന സകല പക്ഷികളോടും, രാജാക്കന്മാരുടെ മാംസവും, സഹസ്രാധിപന്മാരുടെ മാംസവും, വീരന്മാരുടെ മാംസവും, കുതിരകളുടെയും, കുതിരപുറത്ത് ഇരിക്കുന്നവരുടെയും മാംസവും സ്വതന്ത്രന്മാരും, ദാസന്മാരും, ചെറിയവരും, വലിയവരുമായ എല്ലാവരുടെയും മാംസവും തിന്മാൻ മഹാദൈവത്തിന്റെ അത്താഴത്തിന് വന്ന് കൂടുവീൻ എന്നുറക്കെ വിളിച്ചു പറഞ്ഞു....... ശേഷിച്ചവരെ കുതിരപുറത്ത് ഇരി ക്കുന്നവന്റെ വായിൽ നിന്ന് പുറപ്പെടുന്ന വാൾ കൊണ്ട് കൊന്ന് അവരുടെ മാംസം തിന്ന് സകല പക്ഷികൾക്കും തൃപ്തി വന്നു' (വെളി. 19:1721). ഹർമ്മഗെദ്ദോൻ യുദ്ധത്തിന് വന്നവരുടെ അന്ത്യം എന്തായിരിക്കും എന്നതിന്റെ വിവരണമാണിത്.

ഇത് കുഞ്ഞാടിന്റെ കല്യാണ സദ്യയല്ല. വെള്ളക്കുതിര പുറത്ത് ക്രിസ്തുവിന്റെ പ്രത്യക്ഷത, മണവാളന്റെ മഹത്വത്തിൽ അവനെ വെളിപ്പെടുത്തുന്നതിന് മാത്രമല്ല, സകലത്തെയും കീഴ്പ്പെടുത്തി ഭരിക്കുന്നതിനായി തന്റെ സിംഹാസ നത്തിലേക്ക് വരുന്ന പ്രത്യക്ഷത കൂടിയാണ്. ഹർമ്മഗെദ്ദോൻ യുദ്ധവും ന്യായവിധിയും അവിടുത്തെ സിംഹാസനത്തെ സ്ഥിരപ്പെടുത്തുന്നതാണ്. ലോക വ്യവസ്ഥിതിയെ തകർത്ത് അവിടുത്തെ സിംഹാസനം ഉറപ്പിച്ചു കഴിയുമ്പോൾ ദൈവം നടത്തുന്ന അത്താഴത്തെ കുറിച്ചാണ് ഇവിടെ പറയുന്നത്. ഇത് വെളി. 16:16 ൽ പറഞ്ഞിരിക്കുന്നതുപോലെ ദൈവം തന്നെ ഹർമ്മഗെദ്ദോനിൽ വിളിച്ചു കൂട്ടിയവരാണ്. ഈ യുദ്ധത്തിൽ അതിന്റെ ആഹ്വാനത്തിലും, വിജയത്തിലും, ദൈവം സർവ്വാധികാരിയാണ്. ദൈവത്തോടും അവിടുത്തെ മശിഹായോടുമുള്ള പോരാട്ടത്തിൽ പ്രധാന കഥാപാത്രങ്ങൾ ദുഷ്ടതയുടെ പങ്കാളികളായ ത്രിത്വ മൂർത്തികൾസാത്താനും, എതിർക്രിസ്തുവും കള്ള പ്രവാചകനുമാണ്. ഈ രംഗം തുടങ്ങുന്നത് ഒരു ദൂതൻ സൂര്യനിൽ നിന്നുകൊണ്ട് ആകാശമദ്ധ്യേ പറക്കുന്ന സകല പക്ഷികളോടും മഹാദൈവത്തിന്റെ അത്താഴത്തിന് വന്നു കൂടുവാൻ ഉറക്കെ വിളിച്ചു പറഞ്ഞു കൊണ്ടാണ്. ഈ യുദ്ധത്തിൽ പട്ടുവീഴുന്നവർ മൃഗത്തെയും, അവന്റെ സാമ്രാജ്യത്തെയും പിന്തുണച്ചവരാണ്. അവരെ കുറിച്ച് വെളിപ്പെടുത്തിയിരിക്കുന്നത്: 'രാജക്കന്മാർ, സഹസ്രാധിപന്മാർ, വീരന്മാർ, കുതിരകൾ, കുതിരപുറത്ത് ഇരിക്കുന്നവർ, സ്വതന്ത്രന്മാർ, ദാസന്മാർ, ചെറിയവർ, വലിയവർ തുടങ്ങി എല്ലാവരും എന്നാണ്. ദൈവീക ന്യായവിധിയിൽ ആർക്കും ഒഴികഴിവില്ല. ഹർമ്മഗെ ദ്ദോനിൽ മരിച്ചു വീഴുന്നവരുടെ മാംസം കൊണ്ട് ആകാശത്തിലെ പറവകൾക്ക് ദൈവം തൃപ്തി വരുത്തുന്നതിനെയാണ്, മഹാദൈവത്തിന്റെ അത്താഴം എന്ന് പറഞ്ഞിരിക്കുന്നത്. ദൈവത്തിന്റെ ശത്രുക്കൾക്കെതിരെയുള്ള വിജയത്തിന്റെ അത്താഴം. ഇത് കഴുകന്മാർക്കുള്ള സദ്യയാണ്, വിശുദ്ധന്മാർക്കുള്ളതല്ല. ലോകത്തിലെ രാജാക്കന്മാർ രാജത്വം ഏറ്റെടുക്കുമ്പോൾ വലിയ 'അത്താഴ വിരുന്ന്' നടത്താറുണ്ടല്ലോ. നമ്മുടെ കർത്താവ് രാജത്വം ഏറ്റെടുക്കുന്നതിനോടുള്ള ബന്ധത്തിൽ, ദൈവം തന്റെ സൃഷ്ടികളായ പറവജാതികൾക്ക് നൽകിയ വലിയ അത്താഴ സദ്യയാണ് ഇത്.

**ഒന്നാം പുനഃരുത്ഥാനം**


'ഞാൻ ന്യായാസനങ്ങളെ കണ്ടു; അവയിൽ ഇരിക്കുന്ന വർക്ക് ന്യായവിധിയുടെ അധികാരം കൊടുത്തു; യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ട വരും മൃഗത്തെയോ, അതിന്റെ പ്രതിമയെയോ നമസ്ക്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുമായവരുടെ ആത്മാക്കളെയും ഞാൻ കണ്ടു. അവർ ജീവിച്ച് ആയിരം ആണ്ട് ക്രിസ്തുവിനോടുകൂടെ വാണു....... ഇത് ഒന്നാമത്തെ പുനഃരുത്ഥാനം. ഒന്നാമത്തെ പുനഃ രുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെ മേൽ രണ്ടാം മരണത്തിന ധികാരം ഇല്ല. അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിത



(ശേഷം പേജ് 8)



# വിവാദങ്ങളുടെ മെത്രാൻ



സാംകുട്ടി ചാക്കോ നിലമ്പൂർ

**എ**ന്റെ ബാല്യകാലത്ത് ഞങ്ങളുടെ വീട്ടിൽ റേഡിയോ ഉണ്ടായിരുന്നില്ല. നിലമ്പൂരിൽ ചുങ്കത്തറ ഐപിസി ഹോളിൽ എന്റെ പിതാവ് ശുശ്രൂഷിക്കുന്ന കാലം. ഫെയ്ത് ഹോമിൽ സ്ഥല പരിമിതി ഉള്ളതിനാൽ ഞാനും അനിയന്മാരും ഹോളിനകത്താണ് ഉറങ്ങിയിരുന്നത്. ആ ഹോളിനോട് ചേർന്ന് ഒരു മാർത്തോമാ കുടുംബവുമുണ്ട്. അവർ എന്നും രാവിലെ റേഡിയോ ഉച്ചത്തിൽ വയ്ക്കും. 'എന്റെ പേര് കെ പി യോഹന്നാൻ....... ഇത് ആത്മീയ യാത്ര.....' എന്ന സന്ദേശം അങ്ങനെ എല്ലാ ദിവസവും ഞങ്ങളും കേൾക്കും. ഭാഷയുടെ ലാളിത്യം കൊണ്ടും സന്ദേശത്തിന്റെ വ്യക്തത കൊണ്ടും ജനലക്ഷങ്ങളെ ആകർഷിച്ച, പതിനായിരങ്ങളെ ക്രിസ്തു സഹിതരാക്കിയ സമാനതകളില്ലാത്ത സന്ദേശങ്ങൾ.

1985ലോ 86 ലോ ആണ് ചുങ്കത്തറ മാർത്തോമ കോളേജ് ഗ്രൗണ്ടിൽ ആത്മീയ യാത്രാ സമ്മേളനം നടന്നത്. പതിനായിരങ്ങൾ പങ്കെടുത്ത ആ യോഗത്തിലാണ് മുറിക്കയ്യൻ ഷർട്ടും വെള്ളമുണ്ടുമുടുത്ത മെലിഞ്ഞുണങ്ങിയ അത്ഭുത മനുഷ്യനെ ആദ്യമായി നേരിൽ കാണുന്നത്.

പെന്തെക്കോസ്ത് സഭകളിലെ ആയിരക്കണക്കിന് ശുശ്രൂഷകന്മാർക്ക് എല്ലാ മാസവും ഗോസ്പെൽ ഫോർ ഏഷ്യയിൽ നിന്ന് സാമ്പത്തിക സഹായം നൽകുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. എന്റെ പിതാവും ആ ലിസ്റ്റിൽ ഉണ്ടായിരുന്നു. അക്കാലത്ത് മലബാറിലെ ഒരു ഫെയ്ത് ഹോമിൽ ആറു മക്കളുമായി താമസിക്കുന്ന ഒരു ദൈവദാസന് മാസാമാസം കൃത്യമായി കയ്യിൽ എത്തുന്ന മുന്നൂറോ, നാന്നൂറോ രൂപയുടെ വില എത്ര വലുതായിരിക്കുമെന്ന് ഊഹിക്കുക. സഭാ വിഭാഗ വ്യത്യാസം നോക്കാതെ ആയിരക്കണക്കിന് സുവിശേഷകരെ സഹായിച്ചു. 80കളിലും 90കളിലും കെ പിയുടെ സഹായം ലഭിക്കാത്ത ബൈബിൾ കോളേജുകളോ സഭാ പ്രസ്ഥാനങ്ങളോ സുവിശേഷീകരണ പ്രസ്ഥാനങ്ങളോ ഉണ്ടോ എന്ന് സംശയമാണ്. പെന്തെക്കോസ്ത്കാർ മാത്രമല്ല അദ്ദേഹത്തിന്റെ സഹായം കൈപ്പറ്റിയവരിൽ എല്ലാ സഭകളും ഉണ്ടായിരുന്നു. എന്തിനേറെ മർത്തോമാ സഭയും കത്തോലിക്കാസഭയും വരെ.

ഹാലേലൂയ്യാ പത്രം ആരംഭിക്കുന്നത് 1995ൽ ആണ്. ഒരിക്കൽ പോലും പത്രത്തിനോ ഹാലേലൂയ്യാ പ്രവർത്തനങ്ങൾക്കോ സാമ്പത്തിക സഹായം ചോദിക്കുകയോ തരികയോ ചെയ്തിട്ടില്ല. എന്നാൽ വർഷത്തിൽ എട്ടോ പത്തോ പരസ്യങ്ങൾ ലഭിക്കുമായിരുന്നു. അക്കാലത്ത് അത് ഞങ്ങൾക്ക് ആശ്വാസമായിരുന്നു. (സാധാരണ പല സ്ഥാപനങ്ങളും പരസ്യങ്ങൾ നൽകും. പണം ലഭിക്കാറില്ല: ബില്ലുമായി പലതവണ കയറിയിറങ്ങിയാലാണ് പലരും പകുതിയെങ്കിലും തന്നിരുന്നത്. എന്നാൽ ജി. എഫ്.എ.യുടെ ബില്ലുകൾ കൃത്യമായി, താമസമില്ലാതെ ലഭിക്കുമായിരുന്നു).

എപ്പോഴാണ് കെപിച്ചായനുമായി വ്യക്തിപരമായ അടുപ്പം ഉണ്ടായത് എന്നത് കൃത്യമായി പറയാനാവില്ല. പലപ്പോഴായി കണ്ടും സംസാരിച്ചും ഉണ്ടായ സൗഹൃദം തൊണ്ണൂറുകളുടെ അവസാനത്തോടെ ഹൃദ്യമായ അടുപ്പമായി മാറി. ഞാനന്ന് കോട്ടയത്താണ് താമസിക്കുന്നത്. കോട്ടയത്ത് വച്ച് എന്റെ പിതാവ് മരണമടഞ്ഞു. സംസ്കാരം കഴിഞ്ഞതിന്റെ പിറ്റേ ദിവസം ഉച്ചസമയത്ത് ജി എഫ് എയുടെ ഒരു വാനിൽ എട്ടു പത്തു പേർ എന്റെ വീട്ടിൽ വന്നു. അതിൽ ആരൊക്കെ ഉണ്ടായിരുന്നു എന്ന് ഇപ്പോൾ ഞാൻ ഓർക്കുന്നില്ല. കെ.പി ച്ചായൻ പറഞ്ഞുവിട്ടിട്ടാണ് അവർ വന്നത്. കുറച്ചുനേരം സംസാരിച്ച് പിരിഞ്ഞു.

തൊട്ടടുത്ത ദിവസം ജി എഫ് എയിൽ നിന്ന് ഫോൺ വന്നു. ഇന്ന് വൈകുന്നേരം നാലുമണിക്ക് സെമിനാരിയിൽ എത്താമോ? കെ. പി ച്ചായന് കാണണം.

ഞാൻ ചെന്നു. മണിക്കൂറുകൾ സെമിനാരി ക്യാമ്പസിലെ അദ്ദേഹത്തിന്റെ വസതിയിൽ ഞങ്ങൾ ചെലവഴിച്ചു. വൈകുന്നേരം കപ്പ ചുട്ടതും കട്ടൻകാപ്പിയും കഴിച്ചു. രാത്രി കഞ്ഞിയും കുടിച്ച് പിരിയുമ്പോഴേക്കും ഞങ്ങളുടെ സൗഹൃദം ശരിക്കും ദൃഢമായി കഴിഞ്ഞിരുന്നു. പിന്നീട് അനേക രാത്രികൾ തിരക്കുകൾ ഒഴിയുമ്പോൾ കോട്ടയത്തേക്ക് വണ്ടി വിട്ട് വിളിപ്പിക്കും. രാത്രി ഏറെ നേരം സംസാരിച്ചിരിക്കും. അദ്ദേഹത്തിന്റെ ജീവിതം, ദർശനം, കാഴ്ചപ്പാട്, തമാശകൾ,വായിച്ച പുസ്തകങ്ങൾ, ചരിത്രം അങ്ങനെ എത്രയെത്ര വിഷയങ്ങൾ. ഞാൻ നല്ലൊരു ശ്രോതാവായിരുന്നു. കെപിച്ചായനുമായി അടുപ്പമുള്ള ഒട്ടേറെ മിഷൻ ലീഡേഴ്സും സഭാ നേതാക്കളും മറ്റുപല മേഖലകളിൽപ്പെട്ടവരും ഉണ്ടായിരുന്നു. എന്നാൽ അവരിൽ അധികവുമായും ഔദ്യോഗിക ബന്ധങ്ങൾ ആയിരുന്നു. അവർ പ്രൊജക്റ്റുകൾ അവതരിപ്പിക്കുകയും ജി എഫ് എ യുമായി സാമ്പത്തിക സഹായങ്ങൾക്കായുള്ള ചർച്ചകൾ നടത്തുകയും ചെയ്യും. അതിനപ്പുറത്തേക്ക് ആ ബന്ധങ്ങൾ വലുതാകുന്നതിൽ കെപിച്ചായനും താല്പര്യമില്ലാതിരുന്നിരിക്കാം.


ഞങ്ങളുടെ ബന്ധം ദൃഢമായ അക്കാലത്താണ് 'ബിലിവേഴ്സ് ചർച്ച് 'എന്ന സ്വന്തം സഭാപ്രസ്ഥാനം കെ.പി. ആരംഭിക്കുന്നത്. ആദ്യഘട്ടത്തിൽ മറ്റേതൊരു പെന്തെക്കോസ്ത് സഭയുടെയും രൂപഭാവങ്ങളുള്ള ഒരു സഭ എന്നതിനപ്പുറം ആലോചനകൾ ഇല്ലായിരുന്നു. സഭയുമായി ബന്ധപ്പെട്ട പദ്ധതികൾ ആയിരുന്നു ഒരിടയ്ക്ക് ഞങ്ങളുടെ ചർച്ചാവിഷയം. അതിനുള്ള ആരംഭകാല സ്ട്രാറ്റജികൾ ഉണ്ടാക്കി. അതിൽ പ്രധാനം നിലവിലുള്ള പെന്തെകോസ്ത് സഭകളിൽ നിന്ന് മികവുള്ള ദൈവദാസന്മാരെ കണ്ടെത്തി ബിലിവേഴ്സ് ചർച്ചിലെ ശുശ്രൂഷകർ ആക്കുക എന്നതായിരുന്നു. അക്കാലത്ത് ചർച്ച് ഓഫ് ഗോഡിൽ ഭിന്നതാനന്തര കാലമാണ്. ശുശ്രൂഷകന്മാർക്കിടയിൽ അരക്ഷിതാവസ്ഥയും ഉള്ള കാലമാണ്. ഞാൻ എനിക്ക് ബന്ധമുള്ള ചില ദൈവദാസന്മാരെ ബിലീവേഴ്സ് ചർച്ചുമായി ബന്ധിപ്പിച്ചു. ചില വർഷങ്ങൾ ആ നിലയിൽ മുന്നോട്ടു പോയി.

2003 ലാണ് കെപിച്ചായൻ ബിഷപ്പ് ആകുന്നത്. ആ കാലഘട്ടം ആയപ്പോഴേക്ക് അച്ഛൻ കുഞ്ഞ് ഇലന്തൂരും ഞാനും മാത്രമാണ് പെന്തെക്കോസ്ത് സമൂഹത്തിൽ നിന്ന് കെ പി.ക്ക് വിശ്വാസമുള്ള രണ്ടുപേർ. ബിഷപ്പ് ആകുന്നതുമായി ബന്ധപ്പെട്ട ചർച്ചകൾ കൂടിയാലോചനകൾ. അതിൽ കെപിച്ചായനു മായി നിരന്തരം തർക്കിച്ചിരുന്നത് അച്ചൻകുഞ്ഞ് ഇലന്തൂർ ആണ്. ദൈവശാസ്ത്രപരമായും ചരിത്രപരമായും എപ്പിസ്കോപ്പസിയും കോൺഗ്രിഗേഷണൽ ചർച്ചുമായുള്ള അടിസ്ഥാന വ്യത്യാസങ്ങളും എല്ലാം ഞങ്ങൾ ദിവസങ്ങളോളം ചർച്ച ചെയ്തു. ജി എഫ് എയിലെ പ്രധാനപ്പെട്ട ചുമതലകളിൽ ഉള്ളവർക്ക് പോലും എന്താണ് സംഭവിക്കാൻ പോകുന്നത് എന്ന് കൃത്യമായ അറിവുണ്ടായിരുന്നില്ല. കെ.പി.ക്ക് താൻ ചെയ്യാൻ പോകുന്നതിനെക്കുറിച്ച് കൃത്യമായ അറിവും, ധാരണയുമുണ്ടായിരുന്നു. അപ്പോസ്തോലിക പിന്തുടർച്ചയിൽ അടിസ്ഥാനപ്പെട്ട എപ്പിസ്കോപ്പസി എന്നതായിരുന്നു അദ്ദേഹത്തിന്റെ ആശയം. ഭാരതത്തിൽ സഭ വളർന്നു വരുമ്പോൾ നിയമപരിരക്ഷയും അംഗീകാരവും ലഭിക്കുവാനും ഒരു വ്യവസ്ഥാപിത സ

(ശേഷം പേജ് 8)



## കെ.പി. യോഹന്നാൻ ഞങ്ങളുടെ സംഘടനയെ വളർത്തി



ബ്രദർ പി.ജി വർഗീസ്

**തു**റന്നു പറയാം, കെപി യോഹന്നാനാണ് ഞങ്ങളുടെ സംഘടനയെ വളർത്തിയത്. 1978ലാണ് അദ്ദേഹം എന്നെ വന്ന് കാണുന്നത്. ഞാൻ അന്വേഷിച്ച് പോയതല്ല, അദ്ദേഹം എന്നെ വന്ന് കണ്ടതാണ്. ഞാൻ പട്ടാളത്തിൽ ആയിരിക്കുമ്പോൾ അദ്ദേഹം ഒരു ടീമുമായി കാശ്മീരിൽ വന്നിരുന്നു. ഞാൻ അദ്ദേഹത്തിന്റെ കൂടെ ചേരട്ടെ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം താൽപര്യം കാണിച്ചില്ല. കാരണം ഗവൺമെന്റ് ഉദ്യോഗസ്ഥനായ ഒരു മനുഷ്യൻ ജോലി രാജിവെക്കുന്നത് വിദേശത്ത് പോകാൻ അവസരം ലഭിക്കാൻ വേണ്ടിയായിരിക്കും എന്ന് അദ്ദേഹം വിചാരിച്ചു. പക്ഷേ പിന്നീട് എന്റെ വേല പച്ചപിടിച്ച് കണ്ടപ്പോൾ അദ്ദേഹം എന്റെ അടുത്ത് പറഞ്ഞു, ഞാൻ വരുന്നുണ്ട്. അങ്ങനെ അദ്ദേഹം എന്നെ സപ്പോർട്ട് ചെയ്യാൻ തുടങ്ങി.

എന്നെ അതിഭയങ്കരമായി അദ്ദേഹം സപ്പോർട്ട് ചെയ്തു. എന്റെ സുവിശേഷവേലക്കാർക്കുള്ള മുഴുവൻ തുകയും അദ്ദേഹം നൽകി. എന്നിട്ട് അദ്ദേഹം പറഞ്ഞു: 'വർഗീസ് ബ്രദറെ, സേവ് ചെയ്യുന്ന പണം മറ്റുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കാം, സൈക്കിൾ വാങ്ങുകയോ, ട്രാക്റ്റ് അടിക്കുകയോ ചെയ്യാം.വർക്കേഴ്സ് സപ്പോർട്ട് ഞങ്ങൾ തരാം.

അങ്ങനെ സംഘടന അദ്ദേഹം വളർത്തിയെടുത്തു. അത് ഏത് വർഷം വരെ ആയിരുന്നു എന്ന് എനിക്ക് ഓർമ്മയില്ല. എന്റെ ഓർമ്മ ശരിയാണെങ്കിൽ 1978 ൽ തുടങ്ങിയ ബന്ധം1986 വരെ തുടർന്നു.1986 ലാണ് ഞാൻ ഡൽഹിയിലേക്ക് മാറുന്നത്. അപ്പോഴേക്കും അദ്ദേഹം ചില ഡിമാന്റുകൾ വച്ചു. അത് അംഗീകരിക്കാൻ സാധിക്കില്ലെന്ന് പറഞ്ഞപ്പോൾ അദ്ദേഹം എനിക്കുള്ള സപ്പോർട്ട് നിർത്തി. പക്ഷേ എന്നെ വളർത്തിയത് അദ്ദേഹമാണ്.

ഞാൻ എഴുതിയ ഒരു പുസ്തകത്തിനകത്ത് അദ്ദേഹത്തിന് ഡെഡിക്കേറ്റ് ചെയ്തപ്പോൾ ഇങ്ങനെ എഴുതി '1981 ൽ അദ്ദേഹം എന്നെ കാണാൻ ഡൽഹിയിൽ വന്നു. ഞാൻ എന്റെ അനുജനെ റെയിൽവേ സ്റ്റേഷനിലേക്ക് പറഞ്ഞയച്ചു. അനുജൻ ഡൽഹി റെയിൽവേ സ്റ്റേഷനിൽ ചെന്ന് അമേരിക്കക്കാരൻ വരുന്നത് നോക്കി നിൽക്കുകയാണ്. എന്നാൽ അദ്ദേഹം ഒരു സാധാരണ പാന്റും, ഷർട്ടും, ഒരു പുതപ്പും പുതച്ച് അവിടെ എത്തി. എന്റെ അനുജന് അദ്ദേഹത്തെ കണ്ടിട്ട് മനസ്സിലായില്ല'.

അദ്ദേഹം വന്നപ്പോൾ ഞാൻ മുറ്റത്ത് നിൽപ്പുണ്ട്. 'ലില്ലി സഹോദരി എവിടെയെന്ന്' അദ്ദേഹം ചോദിച്ചു.

ഞാൻ പറഞ്ഞു 'ഉറങ്ങുകയാണ്' അപ്പോൾ പാസ്റ്റർ ജോൺ ഓസ്റ്റിന്റെ സഹായത്താൽ ഞങ്ങൾ ഒരു ബൈബിൾ കോളേജ് പണിയുകയാണ്. എന്നാൽ അതിന് കതകില്ല, ജനലില്ല, തറയിൽ മണൽ വിരിച്ചിരിക്കുന്നു. ഭിത്തിയിൽ നിന്നും മണൽ അടർന്നു വീഴുന്നു.

മുറിയുടെ മുൻപിലായി അവിടെ ഒരു കർട്ടൻ ഇട്ടിട്ടുണ്ട്. ഞാൻ ആ കർട്ടൻ പൊക്കിയപ്പോൾ ധാരാളം നായ്ക്കൾ അവിടെ നിന്നും ചാടിപ്പോയി. അവിടെ അടുത്തൊരു കശാപ്പുശാല ഉണ്ടായിരുന്നു. അവിടെ വരുന്ന നായ്ക്കൾ രാത്രിയിൽ ഈ കെട്ടിടത്തിൽ ആയിരുന്നു കിടന്നിരുന്നത്.

പട്ടികൾ ചാടിപ്പോയപ്പോൾ കെ പി പേടിച്ചുപോയി. അപ്പോഴേക്കും ലില്ലി ഇറങ്ങി വന്നു. ലില്ലിയുടെ കോലം കണ്ട് അദ്ദേഹം തിരിഞ്ഞുനിന്ന് കണ്ണുനീർ

(ശേഷം പേജ് 8)


2nd May 2025
TREASURES OF
SOUTH KOREA & JAPAN
10 NIGHTS AND 11 DAYS
The Olive Way TOURS
+91 9961 72 0195
+1 914 349 3978


2024 October 21
ENGLAND
SCOTLAND
IRELAND
COLONIAL TOUR
10 Nights and 11 Days
The Olive Way TOURS
+91 996 172 0195
+1 914 349 3978


Amazing destinatins
Around the World
Departure from
INDIA, USA, UK, CANADA, MIDLE EAST
സുന്ദരമീ യാത്ര...
ഭൂമിയുടെ അറ്റത്തോളം
ഏതൊക്കെ രാജ്യങ്ങൾ സന്ദർശിക്കണമെന്നു
നിങ്ങൾ സ്വപ്നം കാണുന്നു...
വരൂ, കുടുംബത്തോടൊപ്പം കൂട്ടുകാരോടൊപ്പം യാത്ര ചെയ്യാം
Australia
England
Europe
America
Rome-Vatican
Greece
Turkey
South Africa
Malaysia
Singapore
Thailand
Dubai
Hosted by
The Olive Way TOURS
എവിടെ നിന്നും യാത്ര... എവിടേക്കും പറക്കാം...
ആകുലതകൾ ഇല്ലാതെ....
+91 9961 72 0195 | +1 914 349 3978

# പാസ്റ്റർ വിൽസൺ എബ്രഹാമിന് ഡോക്ടറേറ്റ്



**ചിക്കാഗോ :** പാസ്റ്റർ വിൽസൺ എബ്രഹാമിന് ട്രിനിറ്റി ഇവഞ്ചലിക്കൽ ഡിവിനിറ്റി സ്കൂളിൽ നിന്ന് മിനിസ്ട്രിയിൽ ഡോക്ടറേറ്റ് ലഭിച്ചു. ചിക്കാഗോയിലുള്ള ഇന്ത്യൻ പെന്തെക്കോസ്തൽ സഭകളുടെ പുതിയ തലമുറ നേരിടുന്ന വെല്ലുവിളികളെ കുറിച്ച് നടത്തിയ പഠനത്തിനാണ് അദ്ദേഹത്തിന് ഡോക്ടറേറ്റ് ലഭിച്ചത്.

ചിക്കാഗോ ഗുഡ് ഷെപ്പേർഡ് ഫെല്ലോഷിപ്പ് ചർച്ചിലെ പാസ്റ്റർ ആണ് ഡോ. വിൽസൺ . രജിസ്റ്റേർഡ് നഴ്സ് ആയി ജോലി ചെയ്തിരുന്ന അദ്ദേഹം പിന്നീട് അത് രാജി വെച്ച് അമേരിക്കയിലെ പ്രൊഫഷണൽ ചാപ്ലെൻസ് അസോസിയേഷന്റെ അംഗീകാരമുള്ള ഒരു ബോർഡ് സർട്ടിഫൈഡ് ചാപ്ലയിൻ ആയി. ചിക്കാഗോയിലെ ഒരു പ്രധാന ഹോസ്പിറ്റലിൽ ഇപ്പോൾ സേവനം അനുഷ്ഠിക്കുന്നു. ഡോ. ഗ്രേറ്റ എബ്രഹാം ആണ് ഭാര്യ. മക്കൾ: ഇലൈജ, പോൾ.

ഡോ വില്ലി എബ്രഹാം മോളി എബ്രഹാം എന്നിവരുടെ മകനാണ് ഡോ വിൽസൺ. 90 വയസ്സ് തികഞ്ഞ പാസ്റ്റർ കെ.വി എബ്രഹാം തന്റെ കൊച്ചുമകന്റെ ബിരുദദാന ചടങ്ങിന് സാക്ഷിയായി.

കേരളത്തിലെ ആദ്യകാല പെന്തക്കോസ്തു നേതാക്കന്മാരിൽ ഒരാളായിരുന്ന ചെത്തക്കൽ കീവർച്ചന്റെ (പാസ്റ്റർ പി.ടി. വർഗ്ഗീസ്) മകൻ രാജസ്ഥാൻ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പാസ്റ്റർ കെ.വി എബ്രഹാമിന്റെ കൊച്ചു മകനാണ് ഡോ വിൽസൺ. തന്റെ പിതാവ് ഡോ. വില്ലി എബ്രഹാമും ഇതേ സെമിനാരിയിൽ നിന്നാണ് ചില വർഷങ്ങൾക്കു മുൻപ് ഡോക്ടറേറ്റ് കരസ്ഥമാക്കിയത്.

മിഷനറി പ്രവർത്തനം നാല് തലമുറകളിലേക്ക് കൈമാറപെടുന്ന അപൂർവ റെക്കോർഡിന് ഉടമയാണ് പാസ്റ്റർ വിൽസൺ എബ്രഹാം. ചിക്കാഗോയിലെ വിവിധ പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമായ അദ്ദേഹം നിലവിൽ ഷിക്കാഗോ ക്രിസ്ത്യൻ ഫെലോഷിപ്പിന്റെ പ്രസിഡണ്ടാണ്.

# ഐപിസി മംഗളൂരു സെന്ററിന് പുതിയ ഭാരവാഹികൾ

**മംഗലാപുരം:** ഐ.പി.സി മംഗലാപുരം കോസ്റ്റൽ സെന്റർ 2024 –26 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

പാസ്റ്റർ ഷാജി ജോസഫ് (പ്രസിഡന്റ്), പാസ്റ്റർ പോൾസൺ. വി.എ (വൈസ് പ്രസിഡന്റ്), പാസ്റ്റർ വിജു ഐ. മാത്യൂ (സെക്രട്ടറി), ജെയിംസ് പി. എ (ജൊ. സെക്രട്ടറി), റ്റി.എം. ജോണി (ട്രെഷറാർ), എന്നിവരെയും കമ്മിറ്റി അംഗങ്ങളായി പാസ്റ്റർമാരായ ക്രിസ്തുദാസ്, ജോബ് ജോൺ, എബി തോമസ്, സഹോദരന്മാരായ എ. കെ. ജേക്കബ്, കെ.എ. മാത്യു, കുഞ്ഞുമോൻ റ്റി. എം. എന്നിവരെയും തിരഞ്ഞെടുത്തു.

# ഐ.പി.സി ഹെബ്രോൻ ഹൂസ്റ്റൺ ഗോൾഡൻ ജൂബിലി ചാരിറ്റി പ്രോജക്റ്റ്

**ഹൂസ്റ്റൺ:** അമേരിക്കയിലെ ഏറ്റവും വലിയ മലയാളി പെന്തെക്കോസ്തു സഭയായ ഐ.പി.സി ഹെബ്രോൻ ഹ്യൂസ്റ്റൺ സഭ ഗോൾഡൻ ജൂബിലി വർഷത്തിൽ. കഴിഞ്ഞ പതിറ്റാണ്ടുകളിൽ പെന്തക്കോസ്തു സമൂഹത്തിൽ ജീവകാരുണ്യസേവനങ്ങൾക്ക് നിർണ്ണായക സംഭാവനകൾ നൽകി ആയിരങ്ങൾക്ക് ആശ്വാസമായ ഹ്യൂസ്റ്റൺ സഭ അൻപതാം വർഷത്തെ ജൂബിലിയോടനുബന്ധിച്ച് നിരവധി ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നു.

നിർദ്ദരരായ പെന്തെക്കോസ്ത് വിശ്വാസികൾക്ക് ഭവനനിർമ്മാണം, വിവാഹസഹായം, വൈദ്യസഹായം എന്നിങ്ങനെ ബഹുത്തായ ചാരിറ്റി പദ്ധതികൾക്കായി അപേക്ഷകൾ സ്വീകരിക്കുന്നു. സഹായം ആവശ്യമുള്ളവർ ഇതോടൊപ്പമുള്ള പരസ്യത്തിലെപ്പോലെ ഫോം പൂരിപ്പിച്ച് സഭാ ശുശ്രൂഷകൻറെയും സെൻറർ ശുശ്രൂഷകൻറെയും ലെറ്റർപാഡിലുള്ള ശുപാർശ കത്ത് സഹിതം അപേക്ഷിക്കുക.

നിങ്ങളെക്കുറിച്ചും, നിങ്ങളുടെ ജീവിത സാഹചര്യങ്ങളെക്കുറിച്ചും വിശദമായി വിവരിക്കുന്ന കുറിപ്പും അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

ഒരു വർഷം നീണ്ടുനിൽക്കുന്ന ഗോൾഡൻജൂബിലി ആഘോഷങ്ങളുടെ സമാപ്തി ഒക്ടോബർ 11, 12 തീയതികളിൽ ഐ.പി.സി ഹെബ്രോൻ സഭയിൽ വച്ച് നടത്തപ്പെടുന്നതാണ്. ബ്രദർ കെ.എ. തോമസ്, ബ്രദർ റ്റിജു തോമസ് എന്നിവർ ഗോൾഡൻ ജൂബിലി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.


## കല്ലിശ്ശേരി ജംഗ്ഷനിൽ 2 ഏക്കർ ഭൂമി വിൽപ്പനയ്ക്ക്

ചെങ്ങന്നൂരിൽ ടൗണിനടുത്ത് കല്ലിശ്ശേരി ജംഗ്ഷനിൽ എം. സി. റോഡിന് സമീപം 2 ഏക്കർ ഭൂമി വിൽപ്പനയ്ക്ക്. ബിസിനസ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്ന ഭൂമിയാണ്.

Mob: 9447783490

ഏഴ് സഭകളുടെ നാട്

## തുർക്കി



300 – ലധികം പേജുകളുള്ള ഈ പുസ്തകത്തിന്റെ മുഖവില 300 രൂപ.

ദീപ്തി പബ്ലിക്കേഷൻസ്
പ്ലാന്തോട്ടം കോംപ്ലെക്സ്,
തിരുവല്ല 689 101

Ph: 9961720195

## IPC HEBRON HOUSTON

അമേരിക്കയിലെ ഹൂസ്റ്റൺ പട്ടണത്തിൽ 50 വർഷംമുമ്പ് ആരംഭിച്ച ഐ.പി.സി. ഹെബ്രോൻ സഭ ഈ വർഷം ഗോൾഡൻ ജൂബിലി ആഘോഷിക്കുകയാണ്. ഇതോടനുബന്ധിച്ച് നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുവാൻ സഭ തീരുമാനിച്ചിരിക്കുന്നു.

Golden Jubilee Charity Project

**ഭവനനിർമ്മാണം:**
നിർധനരായ പെന്തെക്കോസ്ത് വിശ്വാസികൾക്ക് ഭവനനിർമ്മാണത്തിന് സഹായം നൽകുന്നു.

**വിവാഹ സഹായം:**
പെന്തെക്കോസ്ത് സഭാംഗങ്ങളായ പെൺകുട്ടികളുടെ വിവാഹത്തിന് സാമ്പത്തിക സഹായം.

**മെഡിക്കൽ:**
നിർധനരായ രോഗികൾക്ക് ചികിത്സാ സഹായം നൽകുന്നു.

സഹായം ആവശ്യമുള്ളവർ താഴെ കാണുന്ന ഫോം പൂരിപ്പിച്ച് സഭാ ശുശ്രൂഷകന്റെയും സെന്റർ ശുശ്രൂഷകന്റെയും ലറ്റർപാഡിലുള്ള ശുപാർശകത്ത് സഹിതം അപേക്ഷ അയയ്ക്കുക.

പേര്......................വയസ്സ് .............. ഫോൺ......................
വിലാസം..............................ജില്ല.............പിൻകോഡ്...............
എന്ത് ആവശ്യത്തിനാണ് സഹായം ആഗ്രഹിക്കുന്നത്.
..........................................................................
ഉൾപ്പെട്ടുനിൽക്കുന്ന സഭ.........................................................
സഭാശുശ്രൂഷകന്റെ പേര് ........................ ഫോൺ......................

- ഈ ഫോം വെള്ളപേപ്പറിൽ എഴുതി തയ്യാറാക്കുക. കൂടാതെ നിങ്ങളെക്കുറിച്ചും നിങ്ങളുടെ ജീവിതസാഹചര്യങ്ങളെക്കുറിച്ചും വിശദമായി വിവരിക്കുന്ന കുറിപ്പും അപേക്ഷയോടൊപ്പം വയ്ക്കണം.
- മെഡിക്കൽ സഹായത്തിനുള്ളവർ രോഗിയുടെ ഫോട്ടോ, മെഡിക്കൽ റിപ്പോർട്ടുകളുടെ ഫോട്ടോസ്റ്റാറ്റ് എന്നിവയും ഒപ്പം ചേർക്കേണ്ടതാണ്.
- വിവാഹസഹായത്തിന് അപേക്ഷിക്കുന്നവർ പെൺകുട്ടിയുടെ ഫോട്ടോയും കുടുംബത്തിന്റെ വിവരണവും വയ്ക്കുക.
- ഭവനനിർമ്മാണത്തിന് സഹായത്തിന് അപേക്ഷിക്കുന്നവർ വീടുവയ്ക്കുന്ന സ്ഥലത്തിന്റെ ആധാരത്തിന്റെ കോപ്പിവയ്ക്കേണ്ടതാണ്.

അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 2024 ജൂൺ 15



അയക്കേണ്ട വിലാസം
IPC Hebron Charity Co-ordinator
Pattambi Road,
Thottakkara Lane
Perinthalmanna P.O.,
Malappuram Dist Pin 679 322

## അവസാനത്തെ യുദ്ധത്തിന് ഇനി എത്രനാൾ?

(4-ാം പേജ് തുടർച്ച)

ന്മാരായി ആയിരം ആണ്ട് വാഴും‘ (വെളി. 20: 4,5,6).

ചിലർ ഏഴ് പുനഃരുത്ഥാനങ്ങൾ ഉള്ളതായി പഠിപ്പിക്കാറുണ്ട്. എന്നാൽ തിരുവെഴുത്ത് രണ്ട് പുനഃരുത്ഥാനങ്ങളെ കുറിച്ചാണ് പഠിപ്പിക്കുന്നത്.

1. നിത്യ ജീവനായുള്ള ഉയിർപ്പ് (Resurrection of life). ഒന്നാം പുനഃരുത്ഥാനം (യോഹ. 5:28,29; ദാനി. 12:2).

2. നിത്യ നിന്ദയ്ക്കും ലജ്ജയ്ക്കുമായുള്ള ഉയിർപ്പ് (Resurrection of damnation).

ആയിരം വർഷങ്ങൾക്കുശേഷം, ന്യായവിധിക്കുവേണ്ടിയുള്ള പുനഃരുത്ഥാനം (വെളി. 20:5,12).

കർത്താവിന്റെ പുനഃരാഗമനത്തിന് രണ്ട് ഘട്ടങ്ങൾ ഉള്ള തുപോലെ ഒന്നാം പുനഃരുത്ഥാനത്തിനും രണ്ട് ഘട്ടങ്ങളുണ്ട്. ആദ്യത്തേത്, ക്രിസ്തുവിന്റെ മേഘപ്രത്യക്ഷതയിൽ, മദ്ധ്യാകാശത്തിൽ, സഭയ്ക്കുവേണ്ടി വരുന്ന രഹസ്യ വരവിൽ ക്രിസ്തുവിൽ മരിച്ചവർ ഉയിർത്തെഴുന്നേൽക്കും (1തെസ്സ. 4:16,17). രണ്ടാമതായി, ക്രിസ്തു ഭുമിയിലേക്ക് ഇറങ്ങി വരുന്ന മഹത്വ പ്രത്യക്ഷതയിൽ മഹോപദ്രവ കാലത്തെ രക്തസാക്ഷികളും വിശുദ്ധരും ഉയിർത്തെഴുന്നേൽക്കും (വെളി. 20:4,6). ഇതിന്റെ ഇടയിൽ രണ്ട് സാക്ഷികളുടെ ഉയിർപ്പും നടക്കും (വെളി.11:11,12). ഇതെല്ലാം ഒന്നാം പുനഃരുത്ഥാനത്തിന്റെ ഭാഗമാണ്. ഈ ഒന്നാം പുനഃരുത്ഥാനത്തെ ‘മരിച്ചവരുടെ ഇടയിൽ നിന്നുള്ള പുനഃരുത്ഥാനം’ എന്നാണ് അറിയപ്പെടുന്നത് (ഫിലി. 3:10). ഒന്നാം പുനഃരുത്ഥാനത്തിൽ പങ്കുള്ളവർ ഭാഗ്യവന്മാരും വിശുദ്ധന്മാരും ആണ് (വെളി. 20:6). ഒന്നാം പുനഃരുത്ഥാനത്തിൽ ഉയിർത്തെഴുന്നേൽക്കാത്ത എല്ലാവരും ക്രിസ്തുവിന്റെ ആയിരം ആണ്ട് വാഴ്ചയ്ക്കു ശേഷം വെള്ളസിംഹാസന ത്തിലെ അന്ത്യ ന്യായവിധിക്കായി ഉയിർത്തെഴുന്നേറ്റു വരും.

അത് ന്യായവിധിക്കുവേണ്ടിയുള്ള ഒടുക്കത്തെ പുനഃരുത്ഥാനമാണ്. ‘മരിച്ചവരുടെ പുനഃരുത്ഥാനമാണ് അത്‘ (വെളി.20:11-15).

**ആയിരം ആണ്ടത്തേക്ക് സാത്താനെ ബന്ധിക്കുന്നു**

ദുഷ്ടതയുടെ ത്രിത്വത്തിൽ എതിർക്രിസ്തുവിന്റെയും കള്ളപ്രവാചകന്റെയും ന്യായവിധിയെ കുറിച്ച് ഹർമ്മഗെദ്ദോൻ യുദ്ധത്തിന്റെ ഒടുവിൽ നാം കണ്ടുവല്ലോ. എന്നാൽ ആ ത്രിത്വത്തിലെ ഒന്നാമത്തെ വ്യക്തിയായ സാത്താന്റെ ന്യായവിധിയെകുറിച്ച് അവിടെ പറയുന്നില്ല. മറ്റൊരു ദർശനത്തിലാണ് ആ കാര്യം വിവരിക്കുന്നത്. യോഹന്നാൻ ആ ദർശനത്തെ കുറിച്ച് പറഞ്ഞു തുടങ്ങിയത്: ‘അനന്തരം ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും കയ്യിൽ പിടിച്ചുകൊണ്ട് സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങുന്നത് ഞാൻ കണ്ടു’ എന്നാണ് (വെളി. 20:1). സ്വർഗത്തിൽ നിന്നും ഇറങ്ങി വരുന്ന ഈ ദൂതൻ ദൈവത്തിന്റെ ദാസനും, സന്ദേശവാഹകനുമാണ്. അഗാധ കൂപത്തിന്റെ താക്കോൽ അവന്റെ കൈവശം ഉണ്ടായിരുന്നു. അത് തുറക്കാനും അടയ്ക്കാനുമുള്ള അധികാരം അവന് നൽകിയിരുന്നു. മാത്രമല്ല തന്റെ കൈവശം ഒരു ചങ്ങലയും ഉണ്ടായിരുന്നു. അത് ബന്ധിച്ച് തടവറയിൽ സൂക്ഷിക്കുന്നതിന്റെ അടയാളമാണ്.

അതിനെ തുടർന്ന് യോഹന്നാൻ വിവരിക്കുന്നത്, വെളിപ്പാട് പുസ്തകത്തിലെ ഏറ്റവും നാടകീയമായ ഒരു സംഭവം ആണ്: ‘അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ച് ആയിരം ആണ്ടേക്ക് ചങ്ങലയിട്ടു’. ഈ യുഗത്തിലെ ഏറ്റവും വലിയ തമാശ. തന്റെ ശക്തിയെ കുറിച്ച് ഊറ്റംകൊണ്ട്, തന്റെ ദാസന്മാരെകൊണ്ട് താൻ, ’ദൈവമാണ്’ എന്ന അവകാശവാദം മുഴക്കാൻ പ്രേരിപ്പിച്ച, തന്റെ ദൈവത്വം തെളിയിക്കാൻ ശ്രമിച്ച സാത്താൻ പിടിക്കപ്പെട്ട് ചങ്ങലയാൽ ബന്ധിക്കപ്പെട്ട്, തന്റെ സഹസൃഷ്ടികളിൽ ഒരുവനാൽ അഗാധകൂപത്തിൽ അടയ്ക്കപ്പെടുന്നു. ബാബിലോൻ രാജാവിന്റെ അഹങ്കാര പ്രസ്താവനയുടെ പിമ്പി ലുണ്ടായിരുന്ന ദുഷ്ടാത്മാവ് പിശാചിന്റേതായിരുന്നു (യെശ. 14:13,14). മാത്രമല്ല, സോർ രാജാവിനെ ഞാൻ ദൈവം ആകുന്നു എന്ന് വീമ്പു പറയാനും, ഞാൻ ദൈവസിംഹാസനത്തിൽ കയറി ഇരിക്കും എന്ന് പറയാനും പ്രേരിപ്പിച്ചതും സാത്താ നാണ്. (യെഹ. 28:2). ഇവിടെ പഴയ പാമ്പായ സാത്താനെ ബന്ധിച്ച് അഗാധ കൂപത്തിൽ അടയ്ക്കുന്നത്, ദൈവമോ, അവിടുത്തെ പുത്രനായ ക്രിസ്തുവോ അല്ല. തന്റെ പ്രധാന ദൂതനായ മീഖായേലിനെയോ, മറ്റൊരു ശ്രേഷ്ഠ ദൂതനായ ഗബ്രിയേലിനെയോ അതിനായി നിയോഗിച്ചില്ല. പേരുപറയപ്പെടാത്ത ഒരു സാധാരണ ദൂതനെയാണ് അതിനായി നിയോഗിച്ചത്.

പഴയ പാമ്പ് എന്ന് സാത്താനെ കുറിച്ച് പറയുമ്പോൾ, സാത്താന്റെ വിവിധ സ്വഭാവങ്ങളെയാണ് അത് ചൂണ്ടി കാണിക്കുന്നത്. അവൻ പഴയ സർപ്പമാണ്. ഏദൻ തോട്ടത്തിൽ ഉപായത്താൽ ഹൗവ്വയെ വഞ്ചിച്ചവൻ (ഉൽപ. 3; 2കൊരി. 11:3). വെളിപ്പാടുപുസ്തകത്തിൽ ഇതിനു മുമ്പും സാത്താനെ പഴയ പാമ്പ് എന്ന് പറഞ്ഞിട്ടുണ്ട്. അവിടെ കൊടുത്തിരിക്കുന്ന വിവരണം, ‘സർവ്വ ജാതികളെയും വഞ്ചിക്കുന്ന പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പം’ എന്നാണ് (വെളി. 12:9,14). പൗലോസ് അപ്പോസ്തോലൻ ഉൽപത്തി 3:15 ലെ അടയാളം എടുത്ത് ഉദ്ധരിച്ചുകൊണ്ട് റോമിലുള്ള വിശ്വാസികളോട് പറയുന്നത്: ‘സമാധാനത്തിന്റെ ദൈവം സാത്താനെ നിങ്ങളുടെ കാൽ കീഴിൽ വേഗത്തിൽ ചതച്ച് കളയും’ എന്നാണ് (റോമ. 16:20). പിശാച് (Devil) എന്ന പേരിന്റെ അർത്ഥം, വ്യാജമായി കുറ്റാരോപണം നടത്തുന്നവൻ, അപവാദി എന്നും, സാത്താൻ എന്നതിന്റെ അർത്ഥം വഞ്ചകൻ, പിശാചുക്കളുടെ രാജാവ് എന്നുമാണ്.

ദൈവത്തിന്റെ ദൂതൻ പിശാചിനെ ആയിരം ആണ്ടക്ക് ബന്ധിച്ച് അഗാധ കൂപത്തിലേക്ക് ഇട്ടുകളഞ്ഞു. അഗാധകൂപം തേളിനെപോലെ കുത്തി വേദനിപ്പിക്കുന്ന വെട്ടുകിളിയും പുകയും നിറഞ്ഞ സ്ഥലമാണ് (വെളി. 9:1-11). ദൂതൻ പിശാചിനെ അഗാധ കൂപത്തിൽ അടച്ചശേഷം മുദ്ര വച്ചു. ഇത് റോമൻ കാരാഗൃഹത്തെ ഓർമ്മിപ്പിക്കുന്നതാണ്. കാരാഗൃഹത്തിന്റെ വാതിൽ അടച്ചശേഷം രാജകീയ മുദ്ര പതിപ്പിക്കാറുണ്ട്. അതുപോലെ സാത്താനെ അടച്ചശേഷം ദൈവത്തിന്റെ മുദ്രപതിപ്പിച്ചു. ഇനി സാത്താന് അത് തുറക്കാൻ കഴിയുകയില്ല (വെളി. 20:3). ജാതികളെ വഞ്ചിക്കുന്നതിൽ നിന്നും അവനെ വിലക്കി കഴിഞ്ഞു. ‘ഈ ലോകത്തിന്റെ ദൈവമായിരുന്ന‘ സാത്താന്റെ വഞ്ചന നിറഞ്ഞ ഭരണത്തിന് ഇനി ജാതികൾ അടിമകളല്ല. ‘ആകാശത്തിന്റെ അധികാരിയായ‘ പിശാചിന്റെ ആധിപത്യത്തിൽ നിന്നും അവർ വിമുക്തരായിരിക്കുകയാണ്. അവന്റെ വഞ്ചന നിമിത്തം തേജസ്സിന്റെ കർത്താവിനെ തിരിച്ചറിയാൻ ജാതികൾക്ക് കഴിയാതെ പോയി. അതു കൊണ്ട് അവർ തേജസിന്റെ കർത്താവിനെ ക്രൂശിച്ചു (1കൊരി. 2:18). സാത്താൻ തടവിൽ ആയിരിക്കുമ്പോൾ, ലോകത്തിൽവസിക്കുന്നവർക്ക്, സാത്താന്റെ വഞ്ചനയുടെ കാർമേഘ പടലങ്ങൾ ഇല്ലാതെ ക്രിസ്തുവിന്റെ മുഖത്തുള്ള തേജസു കാണുവാനുള്ള അവസരം ലഭിക്കും.

സാത്താന്റെ ബന്ധന കാലത്തിന്റെ ദൈർഘ്യം ആയിരം സംവത്സരം എന്ന് നിർണ്ണയിച്ചിരിക്കുകയാണ്. അത് ക്രിസ്തുവിന്റെ ഭൂമിയിലെ സഹസ്രാബ്ദ വാഴ്ചയുടെ കാലഘട്ടമാണ്. ഭൂമി സാത്താനുള്ളതല്ല. ഭൂമിയും അതിന്റെ പൂർണ്ണതയും കർത്താവിന്റെ സ്വന്തമാണ്. ഭൂമിയിലെ ജാതികളും രാജ്യങ്ങളും സാത്താന്റെ വഞ്ചനയ്ക്കും, അധികാരത്തിനും കീഴ്പ്പെടാതെ, ദൈവത്തിന്റെ ഭരണത്തിൻ കീഴിൽ ആയിരിക്കേണ്ടതാണ്. സഹസ്രാബ്ദ വാഴ്ച എന്നത് ദൈവരാജ്യത്തിന്റെ നിത്യമായ അവസ്ഥയല്ല, പ്രത്യുത ക്രിസ്തു ഭൂമിയിൽ അക്ഷരാർത്ഥത്തിൽ രാജാവായി ഭരണം നടത്തുമ്പോഴുള്ള അവസ്ഥയാണ്. ഈ കാലഘട്ടത്തെ കുറിച്ച് ദൈവത്തിന് ഒരു പ്രത്യേക ഉദ്ദേശ്യമുണ്ട്. ആ പ്രത്യേക ഉദ്ദേശ്യം ആയിരം ആണ്ട് വാഴ്ച കൊണ്ട് ദൈവം നിവർത്തിക്കും (വെളി. 20:3). അതിനുശേഷം അൽപ കാലത്തേക്ക് സ്വതന്ത്രനായി സാത്താനെ അഴിച്ചു വിടും. വീണ്ടും ഇവിടെ ഉപയോഗിച്ചിരിക്കുന്ന പദപ്രയോഗം ശ്രദ്ധിക്കു: ‘അവനെ അൽപകാലത്തേക്ക് അഴിച്ചുവിടേണ്ടതാകുന്നു’ (He must be losed for a little while). അത് ഒരാവശ്യമാണ്. ദൈവത്തിന്റെ നിർണ്ണയത്തിൽ സാത്താന്റെ മേലും, ലോകത്തിന്റെ മേലും ഉള്ള സമ്പൂർണ്ണ ഹിതം നിറവേറുന്നതിന് അത് അത്യാവശ്യമാണ്.

## കിഴക്കോട്ട് നടന്ന മെത്രാൻ

(5-ാം പേജ് തുടർച്ച)

ഭയായി മാറേണ്ടത് അനിവാര്യമാണെന്ന് അദ്ദേഹത്തിന് ലഭിച്ച നിയമോപദേശവും കുമിഞ്ഞുകൂടുന്ന സമ്പത്ത് അന്യാധീനപ്പെട്ടു പോകാതെ തന്റെ കാലശേഷവും ഭാരത സുവിശേഷീകരണത്തിന് ഉപയോഗിക്കപ്പെടണം അതിനു ഉതകുന്ന നിലയിൽ ക്രമീകൃതമായി സഭ കെട്ടിപ്പടുക്കണം എന്നതായിരുന്നു ഞങ്ങളുമായി പങ്കുവെച്ച പ്രധാന കാരണങ്ങൾ. കെ പി യോഹന്നാൻ ശതകോടികൾ സമ്പാദിച്ചു. കത്തോലിക്കാ സഭ കഴിഞ്ഞാൽ ഇന്ത്യയിലെ ഏറ്റവും സമ്പന്ന സഭയായി മാറി എന്നതൊക്കെയാണ് വിമർശകരുടെ കെപിക്കെതിരെയുള്ള ആരോപണങ്ങളിൽ ഒരു ഭാഗം. അതൊക്കെ ശരിയായിരിക്കുമ്പോഴും അദ്ദേഹം സമ്പാദിച്ചതിൽ ഒന്നും തന്റെ മക്കൾക്കോ, കുടുംബാംഗങ്ങൾക്കോ സ്വന്തമാക്കാൻ ആവാത്ത വിധം സഭയുടെ സമ്പത്താക്കി മാറ്റുകയാണ് അദ്ദേഹം ചെയ്തത്. തന്റെ മകനെയോ മരുമകനെയോ ബിഷപ്പ് ആക്കി തന്റെ കാലശേഷം താൻ സമ്പാദിച്ചതെല്ലാം സ്വന്തമായി നിലനിർത്താനും അദ്ദേഹം ശ്രമിച്ചില്ല.

ഞാൻ കോട്ടയത്ത് നിന്ന് തിരുവല്ലയിലേക്ക് താമസം മാറ്റുന്നത് 2003ലാണ്. കെപിച്ചായന്റെ നിർബന്ധമാണ് തിരുവല്ലയിലേക്ക് പോരുവാൻ കാരണം. അദ്ദേഹത്തിന്റെ ജ്യേഷ്ഠന്റെ മകൻ ജോയ് പുന്നൂസിന്റെ കറ്റോ ടുള്ള വീട്ടിലേക്കാണ് ഞാൻ താമസം മാറ്റിയത്. അത് ക്രമീകരിച്ചു തന്നതും അദ്ദേഹമായിരുന്നു.

ജി എഫ് എ യുടെ ഭാഗമാകുവാൻ എന്നെ വല്ലാതെ നിർബന്ധിച്ചു. ബിലീവേഴ്സ് ചർച്ചിന്റേതായി സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണത്തിന്റെ ചുമതല എന്നെ ഏൽപ്പിച്ചു. ഒരു ലക്കം എന്റെ ചുമതലയിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തു. കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിച്ചിരുന്ന ആ കാലത്ത് കെപിച്ചായന്റെ ഓഫർ സ്വീകരിക്കുന്നതിനെക്കുറിച്ച് ഞാനും പ്ലൻസിയും പലതവണ ആലോചിച്ചു. പ്രാർത്ഥിച്ചു. സത്യത്തിൽ ഞങ്ങൾക്ക് അതിലേക്ക് പ്രവേശിക്കുവാൻ നിയോഗം ലഭിച്ചില്ല. ഞങ്ങൾ ആ ഓഫർ നിരസിക്കുകയായിരുന്നു.

2003 ഫെബ്രുവരി മാസത്തിലാണ് കെ. പി. യുടെ കോൺസിഗ്രേഷൻ നടക്കുന്നത്. ആദ്യം ഈ ചടങ്ങ് നാഗ്പൂരിൽ വച്ച് നടത്താനാണ് തീരുമാനിച്ചിരുന്നത്. പിന്നീട് ഇത് തിരുവല്ലയിൽ നടത്തുകയായിരുന്നു. കോൺസിഗ്രേഷന്റെ തലേദിവസം രാത്രിയിലും 12 മണി വരെ അച്ചൻകുഞ്ഞും ഞാനും കെപിച്ചായനോടൊപ്പം ഉണ്ടായിരുന്നു. പിറ്റേദിവസം രാവിലെ കോൺസിഗ്രേഷൻ ചടങ്ങുകളിൽ ഞങ്ങൾ കാഴ്ചക്കാരായി നിന്നു. കോൺസിഗ്രേഷൻ ഉയർത്തിയ വിവാദങ്ങളിലും ഞങ്ങൾ അദ്ദേഹത്തോടൊപ്പം നിലകൊണ്ടു. കാരണം ഞങ്ങളോട് അദ്ദേഹം പറഞ്ഞതനുസരിച്ചാണെങ്കിൽ ആ കോൺസിഗ്രേഷനും ബിഷപ്പ് സ്ഥാനവും ഒക്കെ ഭാരത സുവിശേഷീകരണത്തിന്റെ വിശാലതയ്ക്ക് മുതൽക്കൂട്ടാകേണ്ടതായിരുന്നു.

കെ.പി. യോഹന്നാന് ഉപദേശപരമായ അപഭ്രംശം സംഭവിച്ചു എന്നത് സത്യമാണ്. ബിഷപ്പ് പദവിയും അതിലൂടെ ലഭിച്ച അംഗീകാരവും അദ്ദേഹം ആസ്വദിച്ചു. ദൈവം തന്നെ എന്തിനുവേണ്ടി വിളിച്ചു എന്ന അടിസ്ഥാന ലക്ഷ്യത്തിൽ നിന്ന് അദ്ദേഹം വഴി മാറി സഞ്ചരിച്ചു. സി.എസ്.ഐ യുടെ പോലെ സ്ട്രക്ചർ ഉള്ള പെന്തെക്കോസ്ത് അനുഭവവും സുവിശേഷദർശനവും ഉള്ള സഭ എന്നതിൽനിന്ന് ഈസ്റ്റേൺ സഭാ ട്രഡീഷന്റെ പുറകെയും കത്തോലിക്കാസഭയെക്കാൾ കടുത്ത ദുരുപദേശങ്ങളിലേക്കും അദ്ദേഹം യാത്ര ചെയ്തു. ഒപ്പം നിൽക്കുവാനോ സഹകരിക്കുവാനോ പറ്റാത്ത അത്രയും അദ്ദേഹം അകന്നുപോയി. എങ്കിലും ഇടയ്ക്കൊക്കെ വിളിക്കുകയും കുശലാന്വേഷണങ്ങൾ നടത്തുകയും ചെയ്യുമായിരുന്നു. പിന്നെ അതും നിലച്ചു.

അമേരിക്കയിൽ അദ്ദേഹത്തിന്റെ ആസ്ഥാനത്ത് ഒന്നിലധികം തവണ ഞാൻ സന്ദർശിച്ചിട്ടുണ്ട്. അദ്ദേഹത്തോടൊപ്പം ഒരിക്കൽ ന്യൂയോർക്ക് മുതൽ ഡാളസ് വരെ യാത്ര ചെയ്തിട്ടുണ്ട്. ഫ്ളൈറ്റിൽ ഭക്ഷണം കൊണ്ടുവന്നപ്പോൾ ബാഗിൽ നിന്ന് ഒരു ചെറിയ കുപ്പിയിൽ കരുതിയിരുന്ന കൊണ്ടാട്ടം മുളകു വറുത്തത് (തൈരിലിട്ടുണക്കിയ മുളക്) കടിച്ചു കൂട്ടി ഭക്ഷണം കഴിച്ചത് ഞാൻ കൗതുകത്തോടെ നോക്കിയിരുന്നു. ലളിതമായ ഭക്ഷണരീതി, ആർഭാടങ്ങൾ ഇല്ലാത്ത ജീവിതം, അതിസമ്പന്നതയിലും പ്രകൃതിയോടിണങ്ങി ജീവിച്ച അദ്ദേഹം അമേരിക്കയിലും അങ്ങനെയായിരുന്നു. അദ്ദേഹത്തിന്റെ കൂടെ 1950കളിലെ ഒരു മോറിസ് മൈനർ കാറിൽ യാത്ര ചെയ്തു. ഒരു രാത്രി അദ്ദേഹത്തിന്റെ വീട്ടിൽ അന്തിയുറങ്ങി. പയറും സോസേജും അരിയും ചേർത്ത് ജിസില ഉണ്ടാക്കിയ കഞ്ഞി കുടിച്ചു. ഇങ്ങനെ എത്രയെത്ര ഓർമ്മകൾ.

ഇന്ത്യ കണ്ട മഹാനായ സുവിശേഷകൻ. ജനലക്ഷങ്ങളെ ക്രിസ്തുവിലേക്ക് നയിച്ച പ്രഭാഷകൻ. നമ്മുടെയൊക്കെ പ്രിയപ്പെട്ട കെപിച്ചായൻ. ആ യാത്ര അവസാനിക്കുമ്പോൾ കണ്ണീരോടെ വിടചൊല്ലുകയല്ലാതെ എന്ത് ചെയ്യാനാവും?

## കെ.പി. യോഹന്നാൻ ഞങ്ങളുടെ സംഘടനയെ വളർത്തി

(5-ാം പേജ് തുടർച്ച)

തുടച്ചത് ഞാൻ ഒരിക്കലും മറക്കില്ല. ‘എന്തിനാണ് ഇങ്ങോട്ട് മാറിയത്? വാടകവീട്ടിൽ താമസിക്കാമായിരുന്നല്ലോ?’ എന്ന് അദ്ദേഹം എന്നോട് ചോദിച്ചു.

‘വാടകവീട്ടിൽ താമസിക്കാൻ 1750 രൂപ വാടകയാകും. അത് ലാഭിക്കുകയാണെങ്കിൽ ഇത്രയും തുകകൊണ്ട് എനിക്ക് രണ്ട് സുവിശേഷവേലക്കാരെകൂടെ സപ്പോർട്ട് ചെയ്യാം’ എന്ന് ഞാൻ പറഞ്ഞു. അദ്ദേഹം പറഞ്ഞു: ‘വരൂ ഇരിക്ക് നമുക്ക് സംസാരിക്കാം’ ഞാൻ രണ്ടു മൂന്ന് കസേരകൾ എടുത്ത് വെയിലത്തേക്ക് നീക്കിയിട്ടു.

അവിടെ ഇരുന്നു കൊണ്ട് അദ്ദേഹം പറഞ്ഞു ‘മാറാൻ പാടില്ലായിരുന്നു.’ ഞാൻ പറഞ്ഞു ‘ബ്രദർ രൂപ വേണ്ടയോ’? അദ്ദേഹം ചോദിച്ചു: ജനലിനും, കതകിനും എല്ലാം കൂടെ എത്ര രൂപയാകും? ഏകദേശം 40,000 രൂപ എന്ന് ഞാൻ പറഞ്ഞു.

എന്റെ കൂടെ ആരെങ്കിലും വിട്ടാൽ ഞാൻ ആ പൈസ ഡൽഹിയിൽ നിന്ന് തന്നയക്കാം. എന്റെ കൂടെ ഒരു സി.കെ. ജോർജ് ഉണ്ടായിരുന്നു. ഞാൻ സി.കെ. ജോർജിനെ കൂടെ അയച്ചു. അദ്ദേഹം 40000 തന്നതുകൊണ്ട് ജനലും, കതകും വച്ചു. എങ്ങനെ ഞാൻ അദ്ദേഹത്തെ മറക്കും? എങ്ങനെ ഞാൻ അദ്ദേഹത്തെ സ്നേഹിക്കാതിരിക്കും?

അദ്ദേഹം ബിഷപ്പ് ആയി കഴിഞ്ഞപ്പോൾ എല്ലാവരും അദ്ദേഹത്തിനെതിരായി തീർന്നു. അപ്പോഴും ഞാൻ അദ്ദേഹത്തിന് ചിലപ്പോഴൊക്കെ സ്നേഹത്തിൽ ഒരു വാക്ക് എഴുതുമായിരുന്നു. ഒരിക്കൽ അദ്ദേഹം എനിക്ക് ഒരു വാചകം എസ്.എം.എസ് ആയി മറുപടി എഴുതി. ‘എന്റെ പ്രയാസസമയത്ത് എന്നോടൊപ്പം ചേർന്നുനിന്ന പി.ജി വർഗീസിന് നന്ദി’.

ദൈവം അദ്ദേഹത്തിന്റെ കുടുംബത്തെ ആശ്വസിപ്പിക്കട്ടെ, അനുഗ്രഹിക്കട്ടെ.

## ഭാര്യ കുടുംബത്തിന്റെ വിളക്ക്

(1-ാം പേജ് തുടർച്ച)

ഗ്രഹിക്കുന്ന മേഖല ദൈവഹിതം ആണെങ്കിൽ അത് അങ്ങനെ തന്നെ നടക്കും.

പരസ്പരം പോരടിക്കുകയല്ല മറിച്ച് ക്ഷമിക്കുന്നവരായി നാം തീർന്നാൽ കുടുംബത്തിൽ സമാധാനം താനെ വന്നുകൊള്ളും കുടുംബത്തിന്റെ കെട്ടുറപ്പിന് ഭാര്യക്കും ഭർത്താവിനും തുല്യപങ്കാളിത്തം ആണുള്ളത്. ഭർത്താവ് തലയാണെങ്കിൽ ഭാര്യ ഹൃദയമാണ് ! ഇവ രണ്ടും ഇല്ലെങ്കിൽ ഒരു മനുഷ്യന് ജീവിക്കാൻ കഴിയില്ലെന്നും അദ്ദേഹം ഓർമിപ്പിച്ചു.

ഏതൊരു മേഖല എടുത്താലും സ്ത്രീകൾ ഇന്ന് കഴിവ് തെളിയിച്ചവരാണ്. അതുകൊണ്ടുതന്നെ അവർക്ക് സമൂഹത്തിൽ ഒത്തിരി മാന്യതയുണ്ട് ഭാര്യ വീടിന്റെ വിളക്കാണ്.

എന്നാൽ പ്രകാശം കൂട്ടാൻ മറ്റൊരു വിളക്ക് കൂടി തേടി പോകരുതെന്നുള്ള അദ്ദേഹത്തിന്റെ ഓർമ്മപ്പെടുത്തി.

# ഞാൻ അറിയുന്ന കെപിച്ചായൻ



പി. എസ്. ചെറിയാൻ

ആത്മീയയാത്ര എന്ന റേഡിയോ പ്രഭാഷണ പരമ്പരയിലൂടെ മലയാള മനസ്സുകളിൽ നിർമ്മല സുവിശേഷത്തിന്റെ അലകളുയർത്തിയ ആ ശബ്ദം ഇനി ഇല്ല. സുവിശേഷ വേലയെ ഹൃദയ താളം പോലെ ജീവിതത്തിൽ സൂക്ഷിച്ച ആ വലിയ മനുഷ്യൻ ഓട്ടം തികച്ചു. ഓർമ്മകളുടെ ഒരു വസന്തകാലമാണ് അദ്ദേഹം ബാക്കി വെക്കുന്നത്.

ന്യൂ ഇന്ത്യാ ബൈബിൾ സെമിനാരിയിലെ പഠനത്തിനും കുറച്ചുകാലത്തെ അധ്യാപകവൃത്തിക്കും ശേഷം റീഡേഴ്സ് പബ്ലിക്കേഷൻസിന്റെ എഡിറ്ററായി പ്രവർത്തിക്കുമ്പോഴാണ് ആത്മീയയാത്ര മാസികയുടെ എഡിറ്ററായി ഇന്റർവ്യൂവിന് മഞ്ഞാടിയിൽ 1991ൽ ഞാൻ എത്തുന്നത്.

കെപിച്ചായൻ എന്ന് എല്ലാവരും അന്നു വിളിച്ചിരുന്ന കെ. പി. യോഹന്നാനാണ് ഇന്റർവ്യൂ ചെയ്യുന്നത്. ആശങ്കയോടും മുൻവിധിയോടും കൂടെയാണ് അവിടെ എത്തിയത്. കൃത്യസമയത്തു തന്നെ നേരിൽ കണ്ടു. പ്രതീക്ഷകൾക്ക് വിരുദ്ധമായി ഒരു നാട്ടുകാരൻ അച്ചായനെപ്പോലെ കുശലാന്വേഷണം, സൗഹൃദ സംഭാഷണം. ഏറെനാൾ പരിചയമുള്ള ഒരു വ്യക്തിയോട് എന്നപോലെ കുറച്ചു നേരം വർത്തമാനം പറഞ്ഞതല്ലാതെ ഔപചാരിക ഇന്റർവ്യൂ ഉണ്ടായിരുന്നില്ല. 'ഏത് വിധത്തിലും നശിച്ചുപോകുന്ന ആത്മാക്കളെ നേടണം. നമുക്ക് ഒരുമിച്ച് യാത്ര ചെയ്യാം' എന്നല്ലാതെ മറ്റൊന്നും പറഞ്ഞില്ല. സുവിശേഷത്തിന്റെ ആത്മാവ് നിറഞ്ഞ ഒരു ഹൃദയത്തിന് ഉടമയെയാണ് ഞാൻ അന്നു കണ്ടത്. അഹങ്കാരവും ജാഡയും

മുഖംമൂടിയുമില്ലാത്ത ഒരു പച്ചമനുഷ്യൻ. ഒരു മിഷൻലീഡറിലും കാണാത്ത പ്രത്യേകതയായിരുന്നു അത്. പിന്നീട് ദീർഘ വർഷങ്ങൾ കെപിച്ചായനുമായി അടുത്തിടപെടുവാൻ അവസരം ലഭിച്ചു. ആ സ്നേഹ ബന്ധം എന്റെ ജീവിതത്തെയും വ്യത്യാസപ്പെടുത്തി.



ആത്മീയയാത്ര എന്ന ജനകീയ കുടുംബ മാസിക ഒരു വ്യത്യസ്ത അനുഭവമായിരുന്നു. സമൂഹത്തിലെ ഏത് വ്യക്തിക്കും വായിച്ചു മനസ്സിലാക്കുവാൻ കഴിയുന്ന കെട്ടും മട്ടും. ലളിത ഭാഷയും പ്രായോഗികതയും നിർബന്ധമായിരുന്നു. നാലാം ക്ലാസുകാരനും സാധാരണ തൊഴിലാളിക്കും വീട്ടമ്മയ്ക്കും മനസ്സിലാകണം; അതായിരുന്നു നിർദ്ദേശം. പെട്ടെന്ന് മാസികയുടെ പ്രചാരം വർദ്ധിച്ചു. ലക്ഷക്കണക്കിന് കോപ്പികൾ അച്ചടിച്ചു.

ആത്മീയ യാത്ര എന്ന റേഡിയോ പ്രഭാഷണ പരമ്പര ക്രിസ്തീയ പ്രഭാഷണങ്ങളുടെ തനതു ശൈലി പൊളിച്ച സമീപനമാണ് സ്വീകരിച്ചത്. അതിലൂടെ വേറിട്ട ഒരു സംവേദന ശൈലിയാണ് അദ്ദേഹം തുറന്നു നൽകിയത്.

റേഡിയോ പ്രഭാഷണത്തിന്റെ സ്ക്രിപ്റ്റ് തയ്യാറാക്കി നൽകണമെന്ന് ടി.ഡബ്ല്യു ആർ ആവശ്യപ്പെട്ടതനുസരിച്ചാണ് പ്രഭാഷണങ്ങളുടെ കയ്യെഴുത്ത് പ്രതി തയ്യാറാക്കിയത്. അവ എഡിറ്റ് ചെയ്താണ് അദ്ദേഹത്തിന്റെ എല്ലാ ഗ്രന്ഥങ്ങളും പുറത്തിറങ്ങിയത്. പുസ്തക പ്രസാധനരംഗത്ത് ഒരു വലിയ വിപ്ലവമായിരുന്നു അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ.

കെ.പി.യോഹന്നാൻ എന്ന നിരണത്തുകാരന്റെ മഹത്വം മലയാളി സമൂഹം വേണ്ടവിധം മനസ്സിലാക്കിയിട്ടില്ല എന്ന് തന്നെ പറയാം. വിമർശനങ്ങൾ ഉയരുമ്പോഴൊക്കെ അദ്ദേഹം സുവിശേഷ ദർശനത്തിന്റെ കാവലാളായി ആത്മീയ സഞ്ചാരം തുടരുകയായിരുന്നു. ഞാനറിയുന്ന കെപിച്ചായൻ മനുഷ്യനെ സ്നേഹിക്കാൻ പഠിപ്പിച്ച ഒരു മഹാൻ തന്നെയാണ്.'

ഏതുകാര്യവും കൃത്യനിഷ്ഠയോടും പെർഫെക്ഷനിലും ചെയ്യുവാൻ ഞങ്ങളെ പഠിപ്പിച്ചു. എന്തിലും ഒരു പ്രൊഫഷണലിസം ഉണ്ടായിരുന്നു. ഏതു കാര്യം ചെയ്യുമ്പോഴും കർത്താവിൽ കൂടെയുള്ള രക്ഷയുടെ സന്ദേശം പകർന്നു കൊടുക്കുവാൻ ശീലിപ്പിച്ചു. വാക്കുകളുടെ ഉപയോഗം പോലും പ്രത്യേകം ശ്രദ്ധിക്കുമായിരുന്നു.

സുവിശേഷവേലയെ മാന്യമായ ഒരു തലത്തിലേക്ക് ഉയർത്തിയ ആ ശബ്ദം നിശബ്ദമാകുമ്പോൾ ഹൃദയത്തിൽ ഒരു ശൂന്യത. ഇത്രയും കാലം ഇങ്ങനെ ഒരാൾ ഇവിടെ ഉണ്ടായിരുന്നുവല്ലോ! സുവിശേഷത്തെ ഇത്രമേൽ സ്നേഹിച്ച, അതിനുവേണ്ടി എല്ലാ സാധ്യതകളും ഉപയോഗിച്ച ഒരാൾ ഇനി ഇല്ല. ഒരായുസ്സ് മുഴുവൻ സുവിശേഷത്തിനു വേണ്ടി തുടിച്ച ആ ഹൃദയം നിശ്ചലമായി. ദൈവത്തെയും മനുഷ്യനെയും പ്രകൃതിയെയും സ്നേഹിച്ച അങ്ങയുടെ സ്നേഹ സ്പർശനങ്ങൾക്ക് കണ്ണീർ പൂക്കൾ അല്ലാതെ തിരികെ നൽകുവാൻ മറ്റൊന്നുമില്ല. കെപിച്ചായാ, അങ്ങേക്ക് വിട...!'



## യാത്രയുടെ അന്ത്യം കുറ്റപ്പുഴയിൽ

(1–ാം പേജ് തുടർച്ച)

അടുത്ത ഏഴുവർഷം വടക്കേന്ത്യയിൽ സുവിശേഷ പ്രചാരണം.

1974 ൽ അമേരിക്കയിൽ എത്തിയ അദ്ദേഹം ക്രിസ് വെൽ കോളേജിൽ ദൈവശാസ്ത്ര പഠനം നടത്തി. ആദ്യ ടേമിന് ശേഷം ഗിസിലയെ അവരുടെ ജന്മദേശമായ ജർമ്മനിയിൽ വച്ച് വിവാഹം കഴിച്ചു.

1978ൽ ഭാര്യയുമായി ചേർന്ന് ടെക്സാസിൽ ഗോസ്പൽ ഫോർ ഏഷ്യ എന്ന സുവിശേഷ പ്രസ്ഥാനത്തിന് തുടക്കമിട്ടു. 1983 ൽ തിരുവല്ല മഞ്ഞാടിയിൽ ഗോസ്പൽ ഫോർ ഏഷ്യയുടെ ആസ്ഥാനം നിർമ്മിച്ച് ഇന്ത്യയിലെ പ്രവർത്തനങ്ങൾക്ക് അടിത്തറയിട്ടു.1986 ൽ ആത്മീയ യാത്ര റേഡിയോ പ്രഭാഷണം ആരംഭിച്ചു.എല്ലാ ക്രിസ്തീയ പ്രസ്ഥാനങ്ങളെയും പെന്തെക്കോസ്തു സഭകളെയും സാമ്പത്തികമായി ദീഘ വർഷങ്ങൾ സഹായിച്ചു. ആയിരക്കണക്കിന് പാസ്റ്റേഴ്സിനു മാസാമാസം സപ്പോർട്ടുനൽകി. കേരളമെങ്ങും നടത്തിയ ആത്മീയയാത്രാ സമ്മേളനങ്ങൾ ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി പതിനായിരങ്ങളെ ക്രിസ്തുവിലേക്കു നയിക്കാൻ അദ്ദേഹത്തിന് സാധിച്ചു.

ആത്മീയയാത്ര റേഡിയോ പ്രഭാഷണത്തിലൂടെ നാടൻ ഭാഷയിൽ സുവിശേഷം പങ്കുവയ്ക്കുന്ന ശൈലി ജാതിമതഭേദമില്ലാതെ സകലരേയും ആകർഷിക്കുന്നതായിരുന്നു. പ്രായോഗിക ജീവിതത്തിന് സഹായിക്കുന്ന ആത്മീയയാത്ര എന്ന കുടുംബ മാസികയും ലക്ഷക്കണക്കിന് കുടുംബങ്ങളിൽ എത്തി. ആത്മീയാത്ര മ്യൂസിക്സിലൂടെ നിരവധി ക്രിസ്തീയ ഗാനങ്ങൾ ചിട്ടപ്പെടുത്തി പുറത്തിറക്കി. ആത്മീയ യാത്ര പ്രസിദ്ധീകരണ വിഭാഗത്തിൽ നിന്നും മുന്നൂറോളം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. റേഡിയോ പ്രഭാഷണങ്ങളുടെ അക്ഷരരൂപമായിരുന്നു പുസ്തകങ്ങൾ. 'അച്ചായാ ഇനി കുടിക്കരുതേ', 'കുഞ്ഞുങ്ങളെ കൊല്ലരുതേ' , "നീയും നിന്റെ ഭാര്യയും', 'നീയും നിന്റെ ഭർത്താവും' തുടങ്ങി വേറിട്ട ശൈലിയിൽ പുറത്തിറങ്ങിയ പുസ്തകങ്ങൾ ജനകീയമായി. റവല്യൂഷൻ ഇൻ വേൾഡ് മിഷൻസ് (Revolution in world missions), ലിവിങ് ഇൻ ദ ലൈറ്റ് ഓഫ് എറ്റേണിറ്റി (Living in the light of eterntiy)തുടങ്ങി നിരവധി ഇംഗ്ലീഷ് ഗ്രന്ഥങ്ങൾ അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധേയമായി. കെ.പി. യോഹന്നാന്റെ പുസ്തകങ്ങൾ ഏഷ്യയിലെ 22 ഭാഷകളിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. റേഡിയോയിലൂടെ ഉള്ള പ്രഭാഷണം നൂറിലധികം ഭാഷകളിൽ പ്രക്ഷേപണം ചെയ്തിരുന്നു.

തിരുവല്ലയിൽ പ്രസ്സ് സ്ഥാപിക്കുകയും വിവിധ ഭാഷകളിലുള്ള ബൈബിളും ലഘുലേഖകളും ലക്ഷക്കണക്കിന് കോപ്പികൾ അച്ചടിച്ച് വിതരണം ചെയ്യുകയുമുണ്ടായി. ആത്മീയ യാത്രാ ടെലിവിഷൻ എന്ന പേരിൽ ആരംഭിച്ച ചാനൽ നിലവാരമുള്ള ക്രിസ്തീയ പ്രോഗ്രാമുകളാൽ സമൃദ്ധമായിരുന്നു.

ആത്മീയയാത്രയുടെയും ഗോസ്പൽ ഫോർ ഏഷ്യയുടെയും ചുമതലയിൽ നിരവധി സാമൂഹിക സേവനങ്ങളും ജീവകാരുണ്യ പ്രവർത്തനങ്ങളും നടന്നു. കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ആരംഭിച്ച ഹോപ്പ് ഫോർ ചിൽഡ്രൻ, തെരുവു കുട്ടികൾക്ക് വേണ്ടിയുള്ള പുനരധിവാസ കേന്ദ്രം, ജിപ്സി സ്കൂൾ, ഗ്രാമീണ ശുദ്ധജല പദ്ധതി, ഡോറ മൈക്രോ ഫിനാൻസ്, സ്വയം തൊഴിൽ സഹായ പദ്ധതി, സാക്ഷരതാ പ്രോജക്ട്, ദുരന്തനിവാരണ ദുരിതാശ്വാസ പദ്ധതികൾ, കുഷ്ഠരോഗികളുടെ ഇടയിലുള്ള സേവനം, സ്കൂൾ, മെഡിക്കൽ കോളേജ്, എൻജിനീയറിങ് കോളേജ് ഇങ്ങനെ വിവിധ പദ്ധതികൾ നടപ്പിലാക്കി. പെന്തക്കോസ്ത്, ബാപ്റ്റിസ്റ്റ്, കാൽവറി ചർച്ച്, കരിസ്മാറ്റിക് സമൂഹങ്ങളിൽ നിന്നും ലഭിച്ച സാമ്പത്തിക സഹായമാണ് ഗോസ്പൽ ഫോർ ഏഷ്യയുടെ പ്രധാന വരുമാന സ്രോതസ്സ്. ഇന്ത്യയിലെ പെന്തക്കോസ്ത് സമൂഹത്തിന്റെ മുൻനിര പ്രവർത്തകനായി മാറി. ഐപിസി തിരുവല്ല സെന്ററിന്റെ വൈസ് പ്രസിഡന്റായി പ്രവർത്തിച്ചിട്ടുണ്ട്.

സുവിശേഷ പ്രവർത്തനങ്ങൾ മൂലം ഉടലെടുത്ത കൂടിവരവുകൾ ബിലിവേഴ്സ് ചർച്ച് എന്ന പേരിൽ അറിയപ്പെട്ടു. ഏഷ്യയിലെ 12 രാജ്യങ്ങളിൽ സഭാകൂടി വരവുകൾ ഉണ്ടായി. സഭ എപ്പിസ്കോപ്പൽ ഭരണ സംവിധാനത്തിലേക്ക് നീങ്ങുവാൻ തീരുമാനിക്കുകയും ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ച് എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. 2003 ഫെബ്രുവരി ആറിന് തിരുവല്ല കുറ്റപ്പുഴയിൽ വച്ച് ഡോ. കെ. പി. യോഹന്നാനെ സഭയുടെ മെത്രാപ്പോലീത്തയായി അവരോധിക്കുകയുണ്ടായി. അന്നത്തെ സിഎസ്ഐ മോഡറേറ്റർ കെ.ജെ. സാമുവൽ ആണ് ശുശ്രൂഷകൾക്കു നേതൃത്വം വഹിച്ചത്. 50ലധികം മൈനർ സെമിനാരികളും കുറ്റപ്പുഴയിൽ ഒരു മേജർ സെമിനാരിയും ഉണ്ട് . 12 രാജ്യങ്ങളിലായി 51 ഭദ്രാസനങ്ങളും 29 എപ്പിസ്കോപ്പമാരുമാണ് ബിലീവേഴ്സ് ഈസ്റ്റേൺ ചർച്ചിനുള്ളത്. ഭാര്യ ഗസിലയും ദാനിയേൽ, സാറാ എന്നീ രണ്ടു മക്കളും സഭാസേവനത്തിൽ പങ്കാളികളാണ്.

ബിഷപ്പ് ഡോ.കെ.പി.യോഹന്നാൻ വിട പറയുമ്പോൾ സുവിശേഷ ദർശനത്തോടെ ഏഷ്യയുടെ സുവിശേഷ ദൗത്യത്തിന് അതുല്യ സംഭാവനകൾ നൽകിയ മിഷൻ ലീഡറിനെയാണ് നഷ്ടമാകുന്നത്.

## അച്ചൻകുഞ്ഞ് ഇലന്തൂരിന് ഐപിസി ഗ്ലോബൽ മീഡിയ പുരസ്കാരം

(1–ാം പേജ് തുടർച്ച)

സെക്രട്ടറി സജി മത്തായി കാതേട്ട്, ജനറൽ ട്രഷറർ ഫിന്നി പി. മാത്യു, സെക്രട്ടറിമാരായ പാസ്റ്റർ രാജു ആനിക്കാട്, ഷിബു മുള്ളംകാട്ടിൽ, ജനറൽ കോഡിനേറ്റർ ടോണി ഡി. ചെവ്വൂക്കാരൻ, കൗൺസിൽ അംഗങ്ങളായ പാസ്റ്റർ സി.പി. മോനായി, ഷാജി മാറാനാഥ എന്നിവർ പ്രസംഗിച്ചു.

സമകാലിക വിഷയങ്ങളെ ആത്മീയ വീക്ഷണത്തിൽ വിലയിരുത്തുന്ന അച്ചൻകുഞ്ഞിന്റെ രചനകളും പുസ്തകങ്ങളും സമൂഹത്തെ പുതിയ വീക്ഷണത്തിലേക്കും ദിശയിലേക്കും നയിക്കുവാൻ ഇടയായി. യിസ്രയേൽ ടൂറിസം വകുപ്പ് പുരസ്കാരം ഉൾപ്പെടെ നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

* മരണത്തിനപ്പുറം, കൈത്തിരികൾ, നമ്മുടെ അയൽക്കാർ, ഉണർവിന്റെ ജ്വാലകൾ, നന്മയുടെ അടയാളങ്ങൾ, മൂല്യങ്ങൾ തേടി എന്നിവയാണ് പ്രധാന ഗ്രന്ഥങ്ങൾ.

അച്ചൻകുഞ്ഞ് ഇലന്തൂരിന്റെ ഉടമസ്ഥതയിൽ തിരുവല്ല കേന്ദ്രമായി പ്രവർത്തിക്കുന്ന ദീപ്തി പബ്ലിക്കേഷനിലൂടെ നിരവധി ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

എഴുത്തുകാരുടെ കൂട്ടായ്മയായ സർഗ്ഗസമിതിയുടെ സ്ഥാപകനായ അച്ചൻകുഞ്ഞ് ഇലന്തൂർ ദീർഘകാലം അതിന്റെ പ്രസിഡന്റായി പ്രവർത്തിച്ചു. ക്രിസ്ത്യൻ എഡിറ്റേഴ്സ് സൊസൈറ്റിയുടെ അടിസ്ഥാന ശില്പികളിൽ പ്രധാനിയാണ്.

ക്രൈസ്തവ സമൂഹം അഭിമുഖീകരിക്കുന്ന നിരവധി പ്രതിസന്ധികളിൽ ഇതര ക്രൈസ്തവ സഭകളുമായി കൈകോർത്തു നിന്നു പോരാടുവാൻ മുന്നിൽ നിന്നും പ്രവർത്തിച്ചു. ബൈബിൾ ചരിത്രത്തെ പെന്തക്കോസ്ത് സമൂഹത്തിന് പരിചയപ്പെടുത്താൻ അദ്ദേഹം നയിക്കുന്ന ഗോസ്പൽ ടൂർ അനുഗ്രഹമായിട്ടുണ്ട്.

ഭാര്യ : ജാൻസി, മക്കൾ : ദീപ്തി, ഡോണ, ഡോൺ. മരുമക്കൾ: ബിബിൻ, ജോയൽ.

ഐ.പി.സി ഗ്ലോബൽ മീഡിയ അസോസിയേഷൻ ഭാരവാഹികളായി പാസ്റ്റർ കെ.സി.ജോൺ (രക്ഷാധികാരി) , സി.വി.മാത്യു (ചെയർമാൻ) , പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ (വൈസ് ചെയർമാൻ) , സജി മത്തായി കാതേട്ട് (ജനറൽ സെക്രട്ടറി) , ഫിന്നി പി. മാത്യു (ട്രഷറാർ), പാസ്റ്റർ രാജു ആനിക്കാട്, ഷിബു മുള്ളംകാട്ടിൽ, ഫിന്നി രാജു ഹ്യൂസ്റ്റൺ (സെക്രട്ടറിമാർ), ടോണി ഡി . ചെവ്വൂക്കാരൻ (ജനറൽ കോർഡിനേറ്റർ) കമ്മിറ്റിയംഗങ്ങളായി പാസ്റ്റർ റോയി വാകത്താനം, പാസ്റ്റർ സി.പി.മോനായി, കുര്യൻ ഫിലിപ്, ഷാജി മാറാനാഥ , കെ.ബി. ഐസക്ക്, ഷാജി കാരയ്ക്കൽ , വിജോയ് സ്കറിയ, വെസ്ളി മാത്യു, ഉമ്മൻ എബനേസർ, നിബു വെളവന്താനം, എം. വി. ഫിലിപ്പ്, രാജൻ ആര്യപ്പള്ളി, ജോർജ് ഏബ്രഹാം, സ്റ്റാർലലൂക്ക് തുടങ്ങിയവർ പ്രവർത്തിക്കുന്നു. സീയോൻ കാഹളം ചിഫ് എഡിറ്റർ, സ്വർഗീയധ്വനി ചീഫ് എഡിറ്റർ, ഹാലേലൂയ്യാ മാനേജിംഗ് എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

# ന്യായാധിപന്മാരും അവരുടെ മക്കളും..!!



എ.ഐ. ജോർജ്ജുകുട്ടി
aigeorgekutty@gmail.com
9496597766

ഉറുമ്പുകൾ, തേനീച്ചകൾ, ചിലയിനം പക്ഷികൾ, കാട്ടുമൃഗങ്ങൾ, മത്സ്യങ്ങൾ മുതലായ മറ്റ് അനേകം ജീവജാലങ്ങളെപ്പോലെ മനുഷ്യനും ഒരു സമൂഹജീവിയാണ്. അവയ്ക്കെല്ലാം നായകരായി ചിലരുണ്ടാകും. ഉദാഹരണമായി നീറ് എന്നറിയപ്പെടുന്ന പുളിയുറുമ്പുകളുടെ കൂട് പരിശോധിച്ചാൽ അവയുടെ കൂട്ടത്തിൽ ചിറകുള്ള റാണിയെ കാണാം. മറ്റ് ഉറുമ്പുകളെക്കാൾ വലിപ്പമുള്ളവയാണ് അത്. വിസ്തൃതമായ പ്രപഞ്ചത്തിൽ വിസ്മയകരമായ ഇത്തരം അസംഖ്യം വ്യവസ്ഥിതികൾ നിലനില്ക്കുന്നുണ്ട്.

'മുമ്പിൽ നടക്കുന്ന'വനാണ് നായകൻ. അണിനിരക്കുവാൻ പിമ്പിൽ ആരും ഇല്ലാത്തപക്ഷം ഒരാളെ നായകൻ എന്ന് വിളിക്കുന്നതെങ്ങനെ? ബൈബിളിലെ ന്യായാധിപന്മാർ എന്ന പുസ്തകത്തിൽ യിസ്രായേലിലെ ന്യായധിപന്മാരുടെ നിരയിൽ അവസാനത്തെയാൾ എന്ന് കണക്കാക്കുന്നത് ശമൂവേൽ പ്രവാചകനെയാണ്. ശമൂവേൽ വൃദ്ധനായപ്പോൾ തന്റെ മക്കളെ ന്യായാധിപന്മാരായി നിയമിച്ചുവെങ്കിലും അവർ കൈക്കൂലി വാങ്ങി ന്യായം മറിച്ചുവന്നു, അതുനിമിത്തം ജനങ്ങൾ ശമൂവേലിനെ സമീപിച്ച് തങ്ങൾക്ക് ഒരു രാജാവിനെ വാഴിച്ചുതരേണമെന്ന് ആവശ്യപ്പെടുകയും അവരുടെ അപേക്ഷപോലെ ചെയ്തുകൊടുക്കാൻ, ദൈവം ശമൂവേലിന് നിർദ്ദേശം നല്കുകയും ചെയ്തു (1ശമൂ. 8:3, 5,22). അങ്ങനെയാണ് ശൗൽ രാജാവായത്. ഇപ്പോൾ രാജാവ് നിങ്ങൾക്ക് നായകനായിരിക്കുന്നു. ഞാൻ എന്റെ ബാല്യം മുതൽ നിങ്ങൾക്ക് നായകനായിരുന്നു (മുമ്പിൽ നടക്കുക എന്നാണ് ഹീബ്രുവിൽ) എന്ന് ശമൂവേൽ പറയുന്നു (1 ശമൂ. 12:2). ന്യായാധിപന്മാർ എന്ന് വിശേഷിപ്പിച്ചിരിക്കുന്ന വ്യക്തികൾ, യിസ്രായേൽമക്കൾക്ക് രാജാവ് ഉണ്ടാകുന്ന കാലത്തിന് മുമ്പ്, യുദ്ധത്തിൽ അവരെ അവരെ ശത്രുക്കളുടെ കയ്യിൽനിന്ന് രക്ഷിക്കാനായി നയിച്ചിരുന്ന നായകന്മാരാണ്, അല്ലാതെ ഇന്നത്തെ കോടതികളും വക്കീലന്മാരും ജഡ്ജിമാരുമെല്ലാമുള്ള സംവിധാനത്തിൽ വിധികർത്താവായിരിക്കുന്ന ന്യായാധിപൻ അഥവാ ജഡ്ജി അല്ല.

ദൈവം യിസ്രായേലിനെ മിസ്രയീമിൽനിന്ന് പുറപ്പെടുവിക്കുമ്പോൾ നായകൻ മോശെ ആയിരുന്നു. എന്നാൽ മോശയുടെ കാലശേഷം തന്റെ മക്കളിൽ ആരെയെങ്കിലും നായകനാക്കുന്നതിനുള്ള ശ്രമം നടത്തുകയോ, അതിനായി ദൈവത്തോട് ശുപാർശ ചെയ്യുകയോ ചെയ്തില്ല. ദൈവം യോശുവയെ ആണ് അടുത്ത നായകനായി നിയമിച്ചത്. യോശുവയുടെ കാലശേഷം തന്റെ മക്കളിൽ ആരെയും നായകനാക്കാൻ താൻ ഒരുമ്പെടുന്നില്ല. ഗിദയോന്റെ മകൻ അബീമേലെക്ക് അപ്രകാരം ശ്രമിച്ചത് ദുരന്തപര്യവസായിയായി. ശമൂവേലിന്റെ മക്കൾ ദൈവത്താൽ നിയമിക്കപ്പെട്ടവരല്ലായിരുന്നതിനാൽ അതും പരാജയമായി. പില്ക്കാലത്ത്, ദാവീദിനോട് തന്റെ തലമുറയെ സിംഹാസനത്തിൽ സ്ഥിരപ്പെടുത്തുമെന്ന് ദൈവം വാഗ്ദത്തം ചെയ്തു. ശലോമോന്റെ കാലശേഷം രാജ്യം വിഭജിക്കപ്പെട്ടപ്പോൾ തെക്കൻ രാജ്യമായ യഹൂദ്യയുടെ മാത്രം രാജാവായി ദാവീദിന്റെ തലമുറകൾ ചുരുങ്ങിപ്പോയി (എന്നാൽ പൗരോഹിത്യം സംബന്ധിച്ച് അഹരോന്റെ തലമുറയെ ദൈവം സ്ഥിരപ്പെടുത്തിയതായി കാണാം).

പുതിയനിയമത്തിൽ ഞാൻ എന്റെ സഭയെ പണിയും എന്ന് കർത്താവ് അരുളിച്ചെയ്തതുപോലെ, താൻ തിരഞ്ഞെടുത്ത ശിഷ്യന്മാരെ അതിനായി ഉപയോഗിച്ചു. പന്തിരുവരെയും അവരിൽ പ്രധാനികളായ പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെയും, എഴുപത് പേരുടെ ഒരു സംഘം ശിഷ്യരെയും നൂറ്റിയിരുപത് പേരെയും മേശമേൽ ശുശ്രൂഷിക്കാനായി നിയമിക്കപ്പെട്ട ഏഴുപേരെയും നാം നേതൃത്വനിരയിൽ കാണുന്നു. പില്ക്കാലത്ത് പൗലോസ് അപ്പോസ്തലനെയും ദൈവം ശക്തമായി നേതൃസ്ഥാനത്തേക്ക് ഉയർത്തി. എന്നാൽ തങ്ങളുടെ കാലശേഷം സഭയെ നയിക്കുവാൻ അവരാരും തങ്ങളുടെ മക്കളെയോ മരുമക്കളെയോ നിയമിക്കുന്നതായി നാം കാണുന്നില്ല. കർത്താവിന്റെ സഹോദരനായ യാക്കോബ് യരൂശലേമിലെ സഭയുടെ അദ്ധ്യക്ഷനായിരിക്കുന്നതിനെപ്പറ്റി പരാമർശമുണ്ട്. എന്നാൽ കർത്താവിന്റെ മറ്റ് സഹോദരന്മാർ ഏതെങ്കിലും പദവിയിൽ ഇരുന്നതായോ, ഇത് എന്റെ സഹോദരൻ സ്ഥാപിച്ചതാണ് എന്ന് അവകാശപ്പെട്ടുകൊണ്ട് ലോകമെങ്ങുമുള്ള ക്രിസ്തീയ സഭയുടെ പരമാദ്ധ്യക്ഷന്മാരായി തങ്ങളുടെ സന്തതിപരമ്പരയെ അവരോധിക്കാൻ ശ്രമിക്കുകയോ ചെയ്തതായി നാം കാണുന്നില്ല!

പുതിയനിയമത്തിലെ സൂചനപ്രകാരം, പ്രാദേശിക സഭകളുടെ ഭരണം അതാത് സഭകളിലെ മൂപ്പന്മാരെയും അദ്ധ്യക്ഷന്മാരെയും ഏല്പിക്കുന്ന രീതിയായിരുന്നു അനുവർത്തിച്ചത്. പില്ക്കാലത്ത് വിജാതീയ സ്വാധീനത്തിൽ മൂല്യച്യുതി സംഭവിച്ച് സഭയുടെ ഇരുണ്ടയുഗം എന്നറിയപ്പെടുന്ന കാലഘട്ടത്തിൽ സഭകളിൽ രാജവാഴ്ചയ്ക്ക് സമാനമായ പല സമ്പ്രദായങ്ങളും കടന്നുകൂടി. കത്തോലിക്കാ സഭയ്ക്ക് സമാന്തരമായ കോടതിയും വ്യവഹാര നിയമങ്ങളും ന്യായാധിപന്മാരുമെല്ലാം ഉണ്ട് എന്നത് അടുത്തയിടെ വലിയ ചർച്ചകൾക്ക് വഴിവെച്ച വാർത്തയാണല്ലോ. നവീകരണത്തോടുകൂടെ ആരംഭിച്ച പ്രൊട്ടസ്റ്റന്റ് സഭാവിഭാഗങ്ങളിൽ സ്വതന്ത്രമായ സംഘടനകളും പ്രസ്ഥാനങ്ങളും രൂപീകൃതമായി. സുവിശേഷീകരണത്തിനും ആത്മീയ ജീവിതത്തിനും വിശുദ്ധിക്കും പ്രാധാന്യം നല്കുന്ന അസംഖ്യം ഉണർവ് പ്രസ്ഥാനങ്ങൾ ഉത്ഭവിച്ചു.

ഇരുപതാം നൂറ്റാണ്ടിൽ ആരംഭിച്ച പെന്തക്കോസ്തു പ്രസ്ഥാനങ്ങളിൽ മിക്കതും ദൈവം കൃപ നല്കി എഴുന്നേല്പിച്ച അഭിഷിക്തന്മാരായ കർത്തൃദാസന്മാരുടെ ശുശ്രൂഷയാൽ സ്ഥാപിതമായവയാണ്. എന്നാൽ അവരുടെ കാലശേഷം സംഘടനയുടെ അമരത്ത് എത്തുന്നതിനായി വലിയ വടംവലികൾ നടക്കുന്നത് കാണപ്പെടുന്നുണ്ട്. ദൈവം എഴുന്നേല്പിക്കുന്നവർ അതിന് നേതൃത്വം നല്കട്ടെയെന്ന് വിചാരിക്കുന്നതിന് പകരം എന്റെ അപ്പച്ചൻ സ്ഥാപിച്ചതാണ്, അതുകൊണ്ട് അത് എന്റേതാണ് എന്ന മട്ടിൽ മക്കളും, അത് സമ്മതിച്ചുകൊടുക്കാതെ കോടതിയിൽ വ്യവഹാരത്തിനുപോകുന്ന മറ്റ് സ്ഥാനമോഹികളും കൂടി ഉണ്ടാക്കുന്ന കോലാഹലങ്ങൾ ചെറുതല്ല. അതിന് ഒത്തുതീർപ്പ് ഉണ്ടാക്കാൻ അക്രൈസ്തവരും നിരീശ്വരവാദികളുമായ നേതാക്കളെയും ന്യായാധിപന്മാരെയും സമീപിക്കുന്നു.

സഭ ക്രിസ്തുവിന്റേതാണെങ്കിൽ, തന്റെ സഭയെ അവിടുന്ന് പണിയുമെന്നും അതിന് എതിര് നില്ക്കുന്നവർ ക്രിസ്തുവിനോട് പൊരുതുന്നവരാണെന്നും മറന്നുകൊണ്ട് സ്ഥാനമാനങ്ങൾക്കും പദവികൾക്കുമായി ചരടുവലി നടത്തുകയും അപവാദങ്ങൾ പ്രചരിപ്പിക്കുകയും പോരടിക്കുകയും ചെയ്യുന്നവർ അത് മക്കളായാലും മരുമക്കളായാലും അനന്തരവരോ മറ്റുള്ളവരോ ആയാലും ദൈവമുമ്പാകെ കണക്കുബോധിപ്പിക്കേണ്ടിവരും. നായകന്മാർ വേറെ, സാക്ഷാൽ ന്യായാധിപൻ വേറെ! നമ്മൾ പടുത്തുയർത്തിയ പ്രസ്ഥാനത്തിലൂടെയല്ലാതെ സുവിശേഷം പ്രചരിപ്പിക്കാൻ ദൈവത്തിന് വേറെ വഴിയൊന്നുമില്ല എന്നത് മിഥ്യാധാരണയത്രേ. ഇന്ന് നേതാക്കളായിത്തീർന്ന മിക്കവരും ഇന്നലത്തെ നേതാക്കളുടെ മക്കളല്ല എന്നതുപോലെ, നാളത്തെ നേതാക്കൾ ഇന്നത്തെ നേതാക്കളുടെ മക്കൾ ആയിരിക്കാനുള്ള സാദ്ധ്യതയും തീരെയില്ല. മാനുഷികമായി സ്വാധീനങ്ങൾ ഉപയോഗിച്ച് അങ്ങനെ ചെയ്യുന്നപക്ഷം അബീമേലെക്ക് തന്നത്താൻ രാജാവായതുപോലെയോ, ശമൂവേൽ തന്റെ മക്കളെ ന്യായാധിപന്മാരാക്കിയപോലെയോ ദുരന്തപര്യവസായിയായി തീർന്നേക്കാം. ക്രിസ്തുവിന്റെ സഭയുടെ പുതിയ തലമുറയെ നയിക്കാനുള്ളവരെ സാക്ഷാൽ സഭാനാഥനായ ക്രിസ്തുതന്നെ എഴുന്നേല്പിക്കും. അതിനായി നമുക്ക് ക്ഷമയോടെ കാത്തിരുന്ന് പ്രാർത്ഥിക്കാം.






# ചെന്നൈയിൽ മലയാളം ആരാധന



ചെന്നൈയിൽ പുതിയതായി വരുന്നവരെ മലയാളം ആരാധനയിലേക്ക് സ്വാഗതം ചെയ്യുന്നു.
സ്ഥലം Chromepet,
Airport നും Tambaram ത്തിനും നടുക്ക് Church of God (Full Gospel) In India No: 25/2 New colony 13th cross street Chromepet Chennai - 44

Pastor. C.K. Reji

SUNDAY CLASS 9- 10 AM
MALAYALAM WORSHIP 10 AM - 12.30 PM

**Phone - 22411060, Mob: 9382599333**



## RE LOCATE TO DALLAS FOR YOUR DREAM HOUSE !!!

CALL REALTOR
**MATHEW C. SAMUEL**
SFR, ABR, SRES, SRS, GRI, AHWD
**469 258 8118 - cell**
BEAM REAL , ESTATE LLC
14455 WEBB CHAPEL RD
DALLAS TX 75234



Tel: 9724846644, msamuel7@yahoo.com, www.beamrealestate.com


Pastor and wife citizens of USA looking for a suitable Spiritfilled pentecostal boy (Preferably - MCA, MBA) for our daughter working as secondary school Teacher in US, 30 years old, 5'6'', Fair, Spiritfilled.
**Contact Mob: 9447256297, 001-972-845-8339**


മരുപ്പച്ച വെബ്സൈറ്റിൽ
www. marupacha.com
Email: maruppacha @gmail.com | Whatsapp: 9961720195



# പെന്തക്കോസ്ത് ശുശ്രൂഷാസഹായി

- വിവാഹമായാലും പുതിയൊരു വീടിന്റെ പ്രതിഷ്ഠയായാലും എല്ലാം ചന്തവും ഉചിതവുമാകണം.
- ക്രിസ്തീയ ശുശ്രൂഷയിൽ അനേകരെ കുഴയ്ക്കുന്ന പ്രശ്നങ്ങൾക്ക് ഒരു പരിഹാരം
- സഭായോഗം, കർത്തൃമേശ, സ്നാനം, വിവാഹം, ശിശു പ്രതിഷ്ഠ, കല്ലിടീൽ, ഭവനപ്രതിഷ്ഠ, ആലയപ്രതിഷ്ഠ, നവവത്സരപ്രവേശനം, യാത്ര അയപ്പു യോഗം, വാഹന പ്രതിഷ്ഠ, ഉപവാസ പ്രാർത്ഥന, കാത്തിരിപ്പുയോഗം, ശവ സംസ്കാരം തുടങ്ങിയ ശുശ്രൂഷകൾക്ക് മാർഗ്ഗനിർദ്ദേശം നല്കുന്നു.
- 101 പ്രസംഗക്കുറിപ്പുകൾ, ചിന്താരത്നങ്ങൾ,




**പുസ്തകം VPP ആയും ലഭിക്കും**

*ഗ്രന്ഥകർത്താവ്*
**കുര്യാക്കോസ് തോട്ടത്തിൽ** *വില:* ₹. **200/-**

വിലാസം:
**DEEPTHI PUBLICATIONS,
PLANTHOTTAM COMPLEX, TIRUVALLA - 1.
PH: 0469 - 2634321**

രജിസ്ട്രേഡ് തബാലിൽ ലഭിക്കുവാൻ 50 രൂപ അധികം അയയ്ക്കുക





വിവാഹ പരസ്യങ്ങൾക്ക് 1500 രൂപ
പരസ്യങ്ങൾ വാട്ട്സാപ്പിലും ടെലിഫോണിലും സ്വീകരിക്കും
9961720195
maruppacha@gmail.com
വിവാഹ പരസ്യങ്ങൾ സൗജന്യമായി വെബ്സൈറ്റിലും പ്രസിദ്ധീകരിക്കും.
Google Pay : 9961103983


NRI Pentecostal parents invite proposals for their son, DOB: 29th Dec 93, 170cm, Doctor, working in Ernakulam and also preparing forNEET exam, from parents of MBBS Doctor, spiritual and no ornaments from abroad or India. Respond details and recent photo to
**WhatsApp +254735817143 or call +919746801861**

We(Mumbai Based) are looking for a suitable born again , Spirit filled and non-ornament wearing malayalam speaking pentecostal girl for our 28-year old son(5'11" height), currently working in the UK hotel industry as a CDP. We are looking for a like-minded proposals who share a deep love for God and desires to grow in the Lord together serving His purpose.
**Mob: 8308778361, WhatsApp : 9422498436**

Mumbai-based Christian family (born again and baptised) invites proposals for their daughter, 30 yrs, 160cms post-graduate MS, data scientist from Canada, currently employed with a reputed firm in Canada. Seeking alliances from god-fearing, qualified, employed boys in Canada or USA. Contact for further details.
**Mob 9819025373**

Pentecostal Parents invite proposal for their born again, baptized. US citizen daughter born in November 1995,heightes 5 .2,BE from India,MS from USA.Seeking suitable spritual partner with good accademic professional and employed in US.
**Ph: 516 853 4911**

Syrian Christian Pentecostal parents settled in North India invite proposal for their daughter, holy spirit filled, involved church activities, born Sept.1995, weight 53kg, height 5'3", fair, B.Tech from India, MS from Canada, holding work permit & working, PR applied, lightly wearing Ornaments, Seeking suitable spiritual life partner with good academic professional background in Canada having minimum height 171cm to 177 cm, weight between 65 Kg. to 75 Kg., Age between 28 to 31 who is holding Canada PR. and also consider US Citizen. If interested, please sent a photograph to this No. Thanks.
**Contact : 9899199780**

Pentecostal parents seeking alliance for born again baptized girl (31/162cm), Doctor of Pharmacy, working in a hospital, Dallas, TX. Preference for God-fearing professionally qualified boys from USA. Interested parties contact at
**Ph. 972-395-8080**

A Spiritfilled Christian Pentecostal Young Man, Innocent Divorcee , 34 , 5."7, BBA, Now In Bangalore Having Own It Business. "Prayerfullly Searching For A Suitable Alliance From An Educated , Professionally Determined Woman. Someone Who Is Spirit Filled, Down-to-earth , Open-minded With A Realistic Approach To Life & With A Caring Nature.
**Contact # 00973 - 340 55 955 / 00973 - 3383 4012**

Pentecostal Parents of Trichur native invite proposals for their Son who is doing a business in Sohar - Oman, 28yrs, and having a height of 182cm and with qualifications - B-com, degree in Music production - (Hillsongs Australia) & Sound Engineering -(Chethana Trichur). Proposal invited from parents of God fearing & qualified girls.
**Contact: 0096893016769**

Proposal invited for Pentecostal man 49yrs, 172cm Height, B.com, divorced and running his own business in UAE. Seeking proposals from Spiritual and qualified girls..
**Ph: +971 50 5782113**

A Christian orthodox divorcee of 36 years well settled abroad. Seeks alliance from orthodox, jacobite, marthoma and catholics divorced/unmarried women of age 30 to 34 years. Preferably Engineers, MBA and MCA.
**Contact number 9821522045**

## ദി പെന്തെക്കോസ്ത് മിഷൻ കൺവെൻഷൻ 2024

| | |
|---|---|
| ക്വാലാലമ്പൂർ ............." 30 - ജൂൺ 2 | ന്യൂസിലാൻഡ് ....................." 20 - 22 |
| സിംഗപൂർ ...................... ജൂൺ 6 - 9 | മെൽബൺ ........................" 26 - 29 |
| യു.എസ്.എ (ഇന്ത്യാന, പെൻസിൽവേനിയ) .... ജൂലൈ 10 - 14 | നേപ്പാൾ .................. ഒക്ടോബർ 2 - 5 |
| എൽസൽവഡോർ ....... ജൂലൈ 18 - 21 | സെക്കൻദ്രാബാദ് ..................." 3 - 6 |
| ട്രിനിഡാഡ് ........................." 25 - 28 | ജമ്മു, കട്ടക്ക് ........................" 10 - 13 |
| ജർമനി ..............................." 26 - 28 | ന്യൂഡൽഹി/ ആൻഡമാൻസ് ." 17 - 20 |
| സ്വിറ്റ്സർലണ്ട്................ ആഗസ്റ്റ് 2 - 4 | കൊഹിമ, നാഗ്പൂർ ............." 24 - 27 |
| സിറാ ലിയോൺ (ഫ്രീടൗൺ) ....." 8 - 11 | വഡോദര, തിരുപ്പതി " 31 - നവംബർ 3 |
| പാരീസ് ..............................." 15 - 18 | ദുബായ് .................... നവംബർ 7 - 10 |
| ലണ്ടൻ ..............................." 22 - 25 | പുനലൂർ, കൊൽക്കട്ട ..........." 14 - 17 |
| മൗണ്ട് ഹേഗൻ (പി.എൻ.ജി) ....... സെപ്റ്റംബർ 10 - 12 | കെനിയ (നെയ്റോബി) ........." 15 - 17 |
| പോർട്ട് മോഴ്സ്ബി (പി.എൻ.ജി) ........................" 13 - 15 | വാർഷിക യുവജനക്യാമ്പ് ......" 21 - 24 |
| ഫിജി ................................" 19 - 22 | എറണാകുളം, വെല്ലൂർനവം.28 - ഡിസം. 1 |
| | കൊക്കാവിള (ശ്രീലങ്ക)ഡിസംബർ 27 - 31 |




MARUPPACHA
Samakalika Pathrika
Planthottam Complex
Tiruvalla - 689 101

മരുപ്പച്ച
സമകാലിക പത്രിക

www.marupacha.com    മെയ് 20, 2024

REGISTERED NEWSPAPER
R N I Reg No.67619/97
Postal Reg. No.**KL/TLA/100/2022-24**
License No. **KL/TLA/WPP/116/2022-24**
Date of Publication 20 - 05 - 2024


# ബൈബിൾ യൂറോപ്പ്




സഭാ പിതാക്കന്മാരുടെയും രക്തസാക്ഷികളുടെയും
സഭാ കൗൺസിലുകളുടെയും നാടുകളിലൂടെ ഒരു പഠനയാത്ര

## പത്മോസ് ▸▸ ടർക്കി
## ▸▸ ഗ്രീസ് ▸▸ റോം ▸▸ വത്തിക്കാൻ

- എഫെസൊസ്
- സ്മുർന്നാ
- പെർഗ്ഗമൊസ്
- തുയഥൈര
- സർദ്ദിസ്
- ഫിലദെൽഫ്യ
- ലവൊദിക്ക്യാ
- ഏഥൻസ്
- കൊരിന്ത്
- ഫിലിപ്യ
- തെസ്സലോനിക്യ
- ബറോവ

**Beyond Patmos**

**12 രാത്രി 13 പകൽ**



**അടുത്തയാത്ര സെപ്റ്റംബർ 30**





ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട്
തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ളവർക്കും
യാത്രാ സംഘത്തിൽ ചേരാൻ
ക്രമീകരണങ്ങൾ ചെയ്യുന്നു.



- വിശ്വാസപ്രമാണത്തിന്റെ നാടായ നിഖ്യാ
- യോഹന്നാനെ നാടുകടത്തിയ പത്മോസ് ദ്വീപ്
- വെളിപ്പാടു പുസ്തകത്തിലെ 7 സഭകളുടെ നാടുകൾ
- പുതിയനിയമകാലത്തെ നാടും നഗരങ്ങളും
- സുവിശേഷത്തിനു സാക്ഷ്യം വഹിച്ച നാടുകൾ

**e-mail: maruppacha@yahoo.com**
**web: www.marupacha.com**

**CONTACT: +91 9961720195**


Printed, published and owned by Achenkunju Elanthoor, Planthottam Complex, Tiruvalla-1. Printed at MGM Offset Press, Kottayam,
Published at Planthottam Complex, Tiruvalla-1 Editor : Achenkunju Elanthoor.